# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.എം2-727/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 18/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

സർ,

വിഷയം : മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
3)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
4)റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, എറണാകുളം
5)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.എം2-727/22 തീയ്യതി: 18/07/2022

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| **ശ്രീമതി..മിനിമോൾ കെ ജി** | **ജോയിന്റ് ഡയറക്ടർ** | 19-04-2022 | 29-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-04-2022 | 29-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ.വിജയകുമാർ, ഓഡിറ്റ് ഓഫീസർ ഹ.ഗ്രേഡ്
ശ്രീ.പ്രസാദ് പി.ജി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ഷൈബി ഇ.ഡി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജോസഫ് ജോർജ്ജ്, സീ.ഗ്രേഡ് ഓഫീസർ
ശ്രീ.സന്തോഷ് കുമാർ എം, സീ.ഗ്രേഡ് ഓഫീസർ
ശ്രീ.അനീഷ് റ്റി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഉഷാ ശശിധരൻ | ചെയർപേഴ്സൺ | 01-04-2019 | 31-03-2020 |
| ശ്രീ. ലതേഷ് കുമാർ.വി.വി | സെക്രട്ടറി | 01-04-2019 | 31-10-2019 |
| ശ്രീമതി.പത്മാവതി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2019 | 03-11-2019 |
| ശ്രീ.കൃഷ്ണരാജ് എൻ പി | സെക്രട്ടറി | 04-11-2019 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി.സോമൻ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 28-02-2020 |
| ശ്രീമതി.ശ്രീകല എം ചന്ദ്രൻ | മുനിസിപ്പൽ എഞ്ചിനീയർ | 28-02-2020 | 31-03-2020 |
| ശ്രീ.മൻസൂർ റ്റി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി അജിതാകുമാരി | ഹെഡ്മിസ്ട്രസ്, ജി.എച്ച്.എസ്.എസ്., മൂവാറ്റുപുഴ | 01-04-2019 | 31-03-2020 |
| ഡോ.കൃഷ്ണദാസ് പി. | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.രമ്യ വി.എം. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.എം.ആർ.ഷീല | മെഡിക്കൽ ഓഫീസർ, ( ഹോമിയോ) | 01-04-2019 | 18-01-2020 |
| ഡോ.സജി ജോൺ | മെഡിക്കൽ ഓഫീസർ, ( ഹോമിയോ) | 19-01-2020 | 31-03-2020 |
| ശ്രീമതി.ഷൈമ ബീവി കെ പി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി രമാദേവി സി | കൃഷി ഫീൽഡ് ഓഫീസർ | 01-04-2019 | 17-02-2020 |
| ശ്രീമതി നാദിയ എസ് എ | കൃഷി ഓഫീസർ (ചാർജ്) | 18-02-2020 | 31-03-2020 |
| ഡോ.എൻ കെ കുര്യൻ | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി എം.ആർ.ഗീത | ഹെൽത്ത് | 01-04-2019 | 02-09-2019 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ (പ്രൊജക്റ്റ് ഓഫീസർ, NULM) | | |
| ശ്രീ.കെ.എൻ.മോഹനൻ | ഹെൽത്ത് സൂപ്പർവൈസർ (പ്രൊജക്റ്റ് ഓഫീസർ, NULM) | 03-09-2019 | 01-12-2019 |
| ശ്രീ. വിൻസന്റ് കെ.വി. | ഹെൽത്ത് സൂപ്പർവൈസർ (പ്രൊജക്റ്റ് ഓഫീസർ, NULM) | 02-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )<br>Written By: Joseph George (Senior Grade Auditor, On 29-04-2022)<br>Last Updated By: Asad N.E (Computer Assistant, On 18-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 29-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Aneesh T S (Auditor, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 05-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-10 |
| 12 | വാർഡ് സഭ<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-12 |
| 14 | ലേല കുടിശ്ശിക<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-14 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-15 |
| 17 | ബിൽഡിംഗ് പെർമിറ്റ്- അപാകങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-16 |

| | | |
|---|---|---|
| 18 | നഗരസഭയിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-17 |
| 19 | നഗരസഭാ സെക്രട്ടറിയുടെ ശമ്പളത്തിൽനിന്ന് വീട്ടുവാടക കുറവ് ചെയ്തില്ല.<br>Written By: Santhosh Kumar M (Auditor, On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-18 |
| 20 | റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ - ക്യാമറകൾ നിലവിൽ പ്രവർത്തന ക്ഷമമല്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-19 |
| 21 | എഞ്ചിനിയറിംഗ് ഡിസൈനിംഗിന് പ്രതിഫലം-എക്സ് പാർട്ടി വിധിയിൽ പലിശ നൽകേണ്ടി വന്നു<br>Written By: Shaiby.E.D (Asst. Audit Officer, On 29-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-20 |
| 22 | ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-21 |
| 23 | വൈദ്യുതി ചാർജ് - താരിഫ് നിർണ്ണയത്തിലെ അപാകത - അധിക തുക നൽകേണ്ടി വന്നു.<br>Written By: Shaiby.E.D (Asst. Audit Officer, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-22 |
| 24 | സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലെ മരം മുറിച്ച് മാറ്റിയതിനുള്ള ചെലവ് തിരികെ ഈടാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 30-04-2022)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 16-07-2022) | 1-23 |
| 25 | കെ.എസ്.ഇ.ബി ക്ക് തുക നൽകിയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Prasad P G (Asst. Audit Officer, On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-24 |
| 26 | കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 04-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-25 |
| 27 | മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.<br>Written By: Shaiby.E.D (Asst. Audit Officer, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-26 |
| 28 | ഗ്രോബാഗ് പച്ചക്കറി വികസന പദ്ധതി - വികസന ഫണ്ടിൽ നിന്നും അധികതുക പിൻവലിച്ചു<br>Written By: Joseph George (Senior Grade Auditor, On 28-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 1-27 |
| 29 | മരണപ്പെടുന്നവരുടെ സാമൂഹ്യസുരക്ഷാ പെൻഷൻ - യഥാസമയം തുടർ നടപടി സ്വീകരിക്കുന്നില്ല<br>Written By: Santhosh Kumar M (Auditor, On 29-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-28 |
| 30 | തെരുവ് വിളക്കുകൾക്ക് ആവശ്യമായ ട്യൂബ്സെറ്റുകൾ വാങ്ങി സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 02-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-29 |
| 31 | കെ. യു. ആർ. ഡി. എഫ്. സി. വായ്പ- വായ്പ തീർത്തിട്ടും രേഖകൾ | 1-30 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല<br>Written By: Joseph George (Senior Grade Auditor, On 28-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | |
| 32 | മാലിന്യ സംസ്കരണം-യൂസർ ഫീ കൈകാര്യം ചെയ്യതിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 29-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-31 |
| 33 | തെരുവ് വിളക്ക് മെയിന്റനൻസ്- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 02-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-32 |
| 34 | ദേശീയ നഗര ഉപജീവന മിഷൻ- ലിങ്കേജ് ലോൺ സബ്സിഡി- സർക്കാരിന് അധിക ബാധ്യത വരാനിടയാകുന്നു<br>Written By: N.Vijayakumar (Audit Officer (HG), On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-33 |
| 35 | ദേശീയ വഴിയോര കച്ചവട നിയമം നടപ്പാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 02-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-34 |
| 36 | നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ബിറ്റുമിൻ - തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-35 |
| 37 | ടൗൺഹാൾ ചെയർ റിപ്പയറിംഗ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: N.Vijayakumar (Audit Officer (HG), On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-36 |
| 38 | ഭിന്നശേഷി സ്കോളർഷിപ്പ്- മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാർക്ക് ആനുകൂല്യം നൽകുന്നു.<br>Written By: Shaiby.E.D (Asst. Audit Officer, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-37 |
| 39 | ഐക്കരപ്പറമ്പ് കൊളത്തിപ്പീടിക റോഡ് മെയിന്റനൻസ് -അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 02-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-38 |
| 40 | അനുപൂരക പോഷകാഹാരം- ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 28-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 1-39 |
| 41 | യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-40 |
| 42 | തൊഴിൽ രഹിത വേതനം-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-41 |
| 43 | ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-42 |
| 44 | അങ്കണവാടി അനുപൂരക പോഷകാഹാരം-ബാധകമല്ലാത്ത ജി എസ് ടി നൽകി<br>Written By: Shaiby.E.D (Asst. Audit Officer, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-43 |
| 45 | പി.എം.എ.വൈ ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം<br>Written By: Prasad P G (Asst. Audit Officer, On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-44 |

| | | |
|---|---|---|
| 46 | പെൻഷൻ ഫണ്ട്<br>Written By: Shaiby.E.D (Asst. Audit Officer, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-45 |
| 47 | മരം വെട്ടിമാറ്റിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Santhosh Kumar M (Auditor, On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-46 |
| 48 | മരാമത്ത് പ്രവൃത്തികൾ - ഫയലുകൾ ഹാജരാക്കിയിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 1-47 |
| 49 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 30-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 1-48 |
| 50 | നിക്ഷേപ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 29-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 1-49 |
| | ഭാഗം **2** | |
| 1 | നഗരസഭാസെക്രട്ടറിയുടെ ശമ്പളത്തിൽനിന്ന് വീട് വാടക കുറവ് ചെയ്തില്ല.<br>Written By: Santhosh Kumar M (Auditor, On 30-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 2-1 |
| | ഭാഗം **3** | |
| 1 | റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ - എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യാതെ കാരാറുകാരന് അധിക തുക നൽകി<br>Written By: N.Vijayakumar (Audit Officer (HG), On 03-05-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 24-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 27-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aneesh T S (Auditor, On 24-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Aneesh T S (Auditor, On 27-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 4-6 |
| 7 | ഓഡിറ് റിക്കവറി<br>Written By: Aneesh T S (Auditor, On 27-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Aneesh T S (Auditor, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 24-04-2022)<br>Last Updated By: Joby George (Computer Assistant, On 15-07-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 28-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 24-04-2022)<br>Last Updated By: Asad N.E (Computer Assistant, On 16-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 28.02.2019 ലെ 1/1ാം നം തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 06.02.2020 ലെ 1/1ാം നം തീരുമാനപ്രകാരവും, പാസാക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവുചെലവ് കണക്കുകളും താഴെ ചേർക്കുന്നു.

| | ബജറ്റ്പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 46276194 | 70212047 |
| വരവ് | 430054511 | 96763297 |
| ആകെ | 476330705 | 266975344 |
| ചെലവ് | 441122705 | 226586981 |
| നീക്കിയിരിപ്പ് | 35208000 | 40388363 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 24.6.2020 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ

നഗരസഭയുടെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വികസന ഫണ്ട് ജനറൽ, വികസന ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് നോൺ റോഡ് ഫണ്ട്- എന്നിവയിലെ ചെലവുകൾ എ.സി.ആർ, വാർഷിക കണക്കുകൾ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷം യഥാർത്ഥ ചെലവ് നടന്ന മൂന്ന് പദ്ധതികളുടെ ചെലവ് വിവരം വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

2.നഗരസഭയുടെ നികുതി, നികുതിയേതര വരുമാന സ്രോതസ്സുകളുടെ ഡിമാന്റ് തയ്യാറാക്കിയിരിക്കുന്നതും യഥാർത്ഥത്തിൽ ഈയിനങ്ങളിൽ ലഭിക്കേണ്ടതുമായ തുകകളുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല. ഒരു വരവിനത്തിലും കൃത്യമായ ഡിമാന്റ് തയ്യാറാക്കിയല്ല വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. വസ്തുനികുതി, തൊഴിൽ നികുതി, വാടക, ലേലം, ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ് ഫീസ് എന്നിവയുൾപ്പടെയുള്ള വരവുകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡി.സി.ബി രജിസ്റ്ററിലെ വാർഷിക സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ലഭിക്കാനുള്ള ആകെ തുകകളും രജിസ്റ്ററിലെ വരവുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വരവിനങ്ങളിലും ലഭിക്കുന്ന തുക സാമ്പത്തിക വർഷാടിസ്ഥാനത്തിൽ കൃത്യമായി പോസ്റ്റ് ചെയ്യപ്പെടുന്നില്ല.

3.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-18 പ്രകാരം Prior Period Income-Property Tax, Other Income ഉൾപ്പടെയുള്ള Prior Period Income എന്ന ഇനത്തിലുള്ള 562926 രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം റീഫണ്ട് നൽകിയിട്ടുള്ള പല രസീതികളും രജിസ്റ്ററിൽ ചേർത്തിരുന്നില്ല.അതുപോലെ തിരികെ നൽകിയ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

5.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസുകളോ തിരികെ ലഭിക്കുന്ന തുകകളോ രജിസ്റ്ററിൽ കൃത്യമായി ചേർത്തുവരുന്നില്ല. വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് ജോലിയുമായി ബന്ധപ്പെട്ട് നൽകിയ

അഡ്വാൻസ് സംബന്ധമായ (പ്രധാനമായും ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻ നീട്ടൽ) ജോലികൾക്ക് ഫയലുകൾ പ്രകാരം തുക 2019-20 ൽ നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കുകളിൽ ഇവ ഡെപ്പോസിറ്റായി ഉൾപ്പെടുത്തിയിട്ടില്ല. വിവിധ സാമ്പത്തിക വർഷങ്ങളിലായി മുൻകൂർ നൽകിയ തുകകൾ പലതും ഫയൽ ലഭ്യമാക്കി ക്രമീകരിക്കാത്തതിനാൽ അഡ്വാൻസായി തന്നെ അവശേഷിക്കുകയാണ്.

6. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ, ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions)

7.B-15 Other Receivable (Current) 1.26,97,276, Other Receivable (Arrears) Rs.48,46,821,Rent Receivable (Current), Rent Receivable (Arrears) എന്നീയിനങ്ങളിൽ വലിയ തുകകൾ ലഭിക്കാനുള്ളതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ഈ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

8.സിൻഡിക്കേറ്റ് ബാങ്കിലുള്ള ഇ-ഡെപ്പോസിറ്റ് 20,40,459/- രൂപ ഫിക്സഡ് ഡെപ്പോസിറ്റ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 70212047.20 |
| വരവ് | 196763297.00 |
| ആകെ | 266975344.20 |
| ചെലവ് | 226586981.00 |
| നീക്കിയിരിപ്പ് | 40388363.20 |
| വരവ് നഷ്ടം | 6000.00 |
| ചെലവ് നഷ്ടം | 38940.00 |
| തടസ്സപ്പെടുത്തിയ തുക | 5121686.00 |

## 1-4 ഫണ്ട് വിനിയോഗം

| നം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27619044 | 27619044 | 17607953 | 0 | 10011091 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7658000 | 7658000 | 2918525 | 0 | 4739475 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 607000 | 607000 | 22703 | 0 | 584297 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 26034000 | 26034000 | 5828177 | 0 | 20205823 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 6708000 | 6708000 | 3836462 | 0 | 2871538 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 37472000 | 37472000 | 11632703 | 0 | 25839297 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 0 | 10812536 | 10812536 | 170000 | | 10642536 |
| NULM | 142306 | 306121 | 448427 | 353125 | 95302 | |
| PMAY | 18256780 | 20462830 | 38719610 | 36728116 | 1991494 | |
| S.B.M | 268156 | 4754081 | 5022237 | 307253 | 4714984 | |
| S.W.M | 1674758.39 | 57068 | 1731826.39 | 9 | 1731817.39 | |
| ILCS | 3729593 | 132956 | 3862549 | 0 | 3862549 | |

തൻവർഷം വികസനഫണ്ട് ജനറൽ, മെയിന്റനൻസ് ഗ്രാന്റ്-റോഡ് ഇനങ്ങളിൽ വാർഷിക കണക്കും എ.സി.ആറും തമ്മിൽ യഥാക്രമം 617921/- രൂപ, 4590948/- രൂപ എന്നിങ്ങനെ വ്യതാസമുണ്ട്. ഈ തുകകൾ ട്രഷറിയിൽ നിന്നും ബിൽ മാറാൻ സാധിക്കാതെ വന്നപ്പോൾ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി മാറിയ തുകകളുടേതാണ്. കൂടാതെ ഫിനാൻസ് -ബേസിക് ഗ്രാന്റിൽ 1342025/- രൂപയുടേയും മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ഇനത്തിൽ 298420/- രൂപയുടേയും വ്യത്യാസം വാർഷിക കണക്കും എ.സി.ആറും തമ്മിൽ കണ്ടെത്തിയിട്ടുണ്ട്. ഈ തുകയിൽ ഫിനാൻസ് -ബേസിക് ഗ്രാന്റിലെ 6,94,590/- രൂപ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴി മാറിയതും ബാക്കി തുക 647435 രൂപയും മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് ഇനത്തിൽ വ്യത്യാസമുള്ള 298420 രൂപയും ഇതേ സാമ്പത്തിക വർഷം തന്നെ ട്രഷറിയിൽ നിന്നും ബിൽ മാറി നൽകുകയും എന്നാൽ സാംഖ്യ ചെലവ് കണക്കുകളിൽ വരാത്തതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് എണ്ണം | നടപ്പാക്കാത്തവ. എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 325 | 159264531 | 118 | 48517770 | 94 | 207 | 28.92 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1417121 | 5062795.76 | 6479916.76 | 4200895.96 | 2279020.80 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 0 | 0 | 0 | 0 |
| ആകെ | 1417121 | 5062795.76 | 6479916.76 | 4200895.96 | 2279020.80 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 86880 | 97 |
| കർഷകത്തൊഴിലാളി പെൻഷൻ | 372000 | 32 |
| വിധവാപെൻഷൻ | 5896200 | 585 |
| വാർദ്ധക്യകാല പെൻഷൻ | 11238000 | 1058 |
| വികലാംഗ പെൻഷൻ | 1578200 | 130 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 139200 | 13 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 510000 | 17 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.4.2022 തീയതിയിൽ ഉച്ചയ്ക്ക് 3.00ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 62938/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. നഗരസഭയിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ

തപാലുകൾ ലഭിക്കുന്നതും അവയുടെ തീർപ്പാക്കൽ വിവരങ്ങളും കൃത്യമായി നിരീക്ഷിക്കുവാൻ സാധിക്കുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4.പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5.ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6. മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2016 | 13-14 മുതൽ 15-16 ആദ്യ പകുതിവരെ | ലഭ്യമാക്കിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2021 | 2017-18 - 2019-20 | 29.03.2021 |

## 1-11 വാർഡ് സഭ

2019-20 സാമ്പത്തിക വർഷം നഗരസഭാ പരിധിയിലെ 28 വാർഡുകളിലും 2-3 തവണ വീതം വാർഡ് സഭകൾ കൂടിയിട്ടുണ്ട്. ഗുണഭോക്തൃതെരഞ്ഞെടുപ്പ്, പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിക്കൽ, പദ്ധതി അവലോകനം, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി, റേഷൻ കട വിജിലൻസ് കമ്മറ്റി രൂപീകരണം, തുടങ്ങിയവ പ്രധാന അജണ്ടകളാണ്. വാർഡ് സഭകളിൽ ക്വാറം തികയുന്നതിനാവശ്യമായ (10%) ജനപങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ട്. വാർഡ് സഭാ തീരുമാനങ്ങൾ പങ്കെടുത്തവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക

നഗരസഭയിലെ 2019-20 വർഷത്തെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2013 ആദ്യ പകുതി മുതലുള്ള വസ്തു നികുതി കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | കുടിശിക തുക (20-21 വരെ) |
|---|---|---|---|
| 1, | 01/69 | ഭാരതി എയർടെൽ | 132120 |
| 2, | 07/290 | എ റ്റി സി ടെലികോം | 222576 |
| 3, | 09/782 | എസ്സാർ ടെലികോം | 116600 |
| 4. | 09/1073 | ബി എസ് എൻ എൽ | 62100 |
| 5. | 09/1180 എ | ഇൻഡസ് ടവേഴ്സ് | 214761 |
| 6. | 14/429 | ഇൻഡ്യ ടെലികോം | 237210 |
| 7. | 22/904 | ടാറ്റാ ടെലി സർവ്വീസസ് | 36353 |
| | 21/486 | റിലൈൻസ് കമ്മ്യൂണിക്കേഷൻസ് | 43698 |
| ആകെ | | | 1065418 |

മേൽ സൂചിപ്പിച്ച മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി ഡിമാന്റ് ചെയ്യുകയോ, അരിയർ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായോ കാണുന്നില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിന് പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/2019-20 തിയതി 25/04/2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി കുടിശിക പിഴ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ലേല കുടിശ്ശിക

ആശ്രമം ബസ്സ്റ്റാന്റ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷന്റെ ലേല കുടിശ്ശിക മുൻസിപ്പൽ ഫണ്ടിൽ അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18/2019-20 തിയതി 28/04/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലേല തിയതി | ലേലം കൊണ്ടയാൾ | ലേല ഇനം | ലേല തുക | അടയ്ക്കുവാൻ ബാക്കി |
|---|---|---|---|---|
| 22/02/2019 | പ്രതാപചന്ദ്രൻ | ആശ്രമം ബസ്സ്റ്റാന്റ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | 27000/- | 13500/- |

ലേല കുടിശ്ശിക മുൻസിപ്പൽ ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും 2019-20 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/2019-20 തിയതി 28/04/2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | വാർഡ് |
|---|---|---|
| 1. | മൂവാറ്റുപുഴ ടൂറിസ്റ്റ് ഹോം | 9 |
| 2. | മജസ്റ്റിക്ക് കാർ സ്പാ | 9 |
| 3. | ഗ്രീൻലാന്റ് ടൂറിസ്റ്റ് ഹോം | 9 |
| 4. | ഹോട്ടൽ അലിഫ് | 9 |
| 5. | എസ് ആർ ട്രേഡിംഗ് കമ്പനി | 9 |
| 6. | ടി എം സീതി & സൺസ് | 10 |
| 7. | ഇല്യ റസിഡൻസി | 10 |
| 8. | ശ്രീലക്ഷ്മി ഭവൻ ഹോട്ടൽ | 10 |
| 9. | ഗ്രാവിറ്റി ഡിസ്ട്രിബ്യൂട്ടേഴ്സ് | 10 |
| 10. | കൃഷ്ണാ ട്രേഡേഴ്സ് | 22 |
| 11 | ഏഷ്യൻ ബിസിനസ് കോർപ്പറേഷൻ | 22 |
| 12 | ജോസ് ഇലക്ട്രിക്കൽ ട്രേഡിംഗ് കമ്പനി | 22 |

ലൈസൻസ് നൽകുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർ ലൈസൻസ് അപേക്ഷയിൻമേൽ അന്വേഷണം നടത്തി സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഉണ്ടെന്ന വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ആകെ ജീവനക്കാരുടെ എണ്ണം അന്വേഷണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഇൻസ്പെക്ടർ രേഖപ്പെടുത്തി കാണുന്നില്ല. തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ജീവനക്കാരുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തേണ്ടതും, തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന ജീവനക്കാരിൽ നിന്നും ആയത് ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

നഗരസഭയിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല. സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | വാർഡ് | റിമാർക്സ് | തുക |
|---|---|---|---|

| | | | |
|---|---|---|---|
| മുത്തൂറ്റ് ഫിൻകോർപ്പ് | 9 | ആദ്യ പകുതിയും, രണ്ടാം പകുതിയും | 2500 |
| വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 17 | ആദ്യ പകുതിയും, രണ്ടാം പകുതിയും | 2500 |

## 1-16 ബിൽഡിംഗ് പെർമിറ്റ്- അപാകങ്ങൾ

നഗരസഭയിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ ബിൽഡിംഗ് പെർമിറ്റ് നല്കിയ, പെർമിറ്റ് കാലാവധി അവസാനിച്ച പല കെട്ടിടങ്ങളും പെർമിറ്റ് യഥാസമയം പുതുക്കുകയോ നിർമ്മാണം പൂർത്തിയാക്കുകയോ ചെയ്തിട്ടില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. വിവിധയിനം ഉപയോഗക്രമങ്ങളിലായി ഇത്തരം ധാരാളം അപേക്ഷകൾ തുടർ നടപടികൾ രേഖപ്പെടുത്താതെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് രജിസ്റ്ററിലെ നമ്പർ തിയതി | ഗുണഭോക്താവിന്റെ പേര് | കെട്ടിട ത്തിന്റെ സ്വഭാവം | പെർമിറ്റ് അനുവദിച്ച കാലയളവ് |
|---|---|---|---|
| ബി.എ 21/15-16 | ശാന്ത ചെറിയാൻ കുളങ്ങര, മൂവാറ്റുപുഴ | താമസം | 13.05.2015- 31.05.2018 |
| ബി.എ 30/15-16 | പ്രൊഫ.ജോൺ സക്കറിയ, സണ്ണി കെ.ജോൺ, വി.വി ജോർജ്ജ്. സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച് മൂവാറ്റുപുഴ | ചർച്ച് | 06.11.2017-05.11.2020 |
| ബി.എ 61/15-16 | അന്ന ഗോപാലൻ, പാറയിൽ, മാർക്കറ്റ് പി.ഒ | താമസം | 27.06.2015-26.06.2018 |
| ബി.എ 84/15-16 | കെ.എം എബ്രഹാം, ജോർജി എബ്രഹാം, ബാബു എം.എ മുതൽ പേർ വാടാനത്തിൽ, കടാതി | അസംബ്ലി കെട്ടിടം | 11.07.2016-14.06.2019 |
| ബി.എ 95/15-16 | റോയ് ചാക്കോ, പിട്ടാപ്പള്ളിൽ, പെരിങ്ങാഴ | താമസം | 09.07.2015-08.07.2018 |
| ബി.എ 114/15-16 | സി.കെ അലിയാർ, റ്റി.ബി യൂസഫ്, ചോളമലയിൽ, വാഴപ്പള്ളി | ഷോപ്പിംഗ് കോംപ്ലക്സ് | 28/6/2018-27.06.2021 |
| ബി.എ 122/15-16 | ഭാഗ്യലക്ഷ്മി, ശ്രീദേവി നിവാസ് | താമസം- എക്സ്റ്റൻഷൻ | 10/09/2015-09/09/2018 |
| ബി.എ 12/16-17 | പ്രസിഡന്റ്, മുവാറ്റുപുഴ കോ-ഓപ്പറേറ്റീവ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | ഹോസ്പിറ്റൽ- എക്സ്റ്റൻഷൻ | 01/11/2017-31/10/2020 |
| ബി.എ 149/17-18 | ശ്യാമള & വിനോദ് മുണ്ടുപുറത്ത്, നോർത്ത് മാറാടി | താമസം- എക്സ്റ്റൻഷൻ | 14/08/2017-13/08/2020 |
| ബി.എ 35/16-17 | എം.പി ഇസ്മയിൽ, അജിഷ് അഷ്രഫ്, യൂനസ് അലിയാർ | ഹോസ്റ്റൽ 1319.59 ച.മീ | 13/05/2015-12/05/2018 |
| ബി.എ 153/17-18 | എൻ കെ ഗണേശൻ ഞാലിയത്ത്, മുടവൂർ പി.ഒ | ഷോപ്പിംഗ് കോംപ്ലക്സ് 187.93 ച.മീ | 14/08/2017-13/08/2020 |

വെള്ളം, വൈദ്യുതി കണക്ഷനുകൾ പ്രത്യേകമായി എടുക്കേണ്ട ആവശ്യമില്ലാത്ത കെട്ടിടങ്ങളും, നിലവിലുള്ള കെട്ടിടത്തിന്റെ എക്സ്റ്റെൻഷൻ മുതലായവ എടുക്കുന്ന സന്ദർഭങ്ങളിലും, കെട്ടിട നിർമ്മാണം പൂർത്തിയായാലും

കെട്ടിട നമ്പറിട്ട് ഒക്യുപെൻസി സർട്ടിഫിക്കറ്റ് എടുക്കാനോ, നികുതി പുതുക്കുന്നതിനോ കെട്ടിട ഉടമ താല്പര്യം കാണിക്കണമെന്നില്ല. അതിനാൽ, പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കാതെയോ, ഒക്യുപെൻസിക്ക് അപേക്ഷിക്കാതെയോ ഉള്ള അപേക്ഷകളിൽ, പ്രസ്തുത കെട്ടിടങ്ങൾ പണി പൂർത്തിയാക്കി അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി, അനധികൃതമായി പ്രവർത്തിക്കുന്നവ കണ്ടെത്തി തുടർ നടപടി സ്വീകരിക്കേണ്ടത് നഗരസഭയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ കൃത്യമായ നടത്തിപ്പിനും നഗരസഭയുടെ വരുമാന ചോർച്ച തടയുന്നതിനും അത്യന്താപേക്ഷിതമാണ്.

അതുപോലെ പല നിലകളിലായി നിർമ്മാണം നടത്തുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ, ഹോസ്റ്റൽ കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ എന്നിവ മുഴവൻ നിർമ്മാണത്തിനും പെർമിറ്റ് വാങ്ങുകയും ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തീകരിച്ച ശേഷം പാർഷ്യൽ ഒക്യുപ്പൻസിക്ക് അപേക്ഷിക്കുകയും നിർമ്മാണം പൂർത്തീകരിച്ച ഭാഗത്തിന് കെട്ടിടനമ്പർ നേടുകയും തുടർന്നുള്ള നിർമ്മാണത്തിന്റെ യാതൊരുവിവരങ്ങളും നഗരസഭക്ക് പിന്നീട് ലഭിക്കാതിരിക്കാനുള്ള സാധ്യതകളുമുണ്ട്. കെട്ടിട നമ്പർ ലഭിച്ച കെട്ടിടത്തിൽ വെള്ളം, വൈദ്യുതി കണക്ഷനുകൾ എടുക്കാനും പിന്നീട് നിർമ്മിക്കുന്ന കെട്ടിടഭാഗങ്ങളിലേക്ക് ഈ കണക്ഷനിൽ നിന്നും വെള്ളം, വൈദ്യുതി എന്നിവ എത്തിക്കാനും നിലവിൽ സാധിക്കുന്ന സാഹചര്യത്തിൽ ബാക്കി നിലകളുടെയോ കെട്ടിടഭാഗങ്ങളുടേയോ നിർമ്മാണം പിന്നീട് പൂർത്തിയായാലും അവക്ക് കെട്ടിട നമ്പറിട്ട് ഒക്യുപെൻസി സർട്ടിഫിക്കറ്റ് എടുക്കണമെന്നോ, നികുതി ചുമത്തണമെന്നോ നിർബന്ധമില്ലാത്ത സ്ഥിതിയുണ്ട്. പട്ടികയിൽ ചേർത്തിട്ടുള്ള ബി.എ 35/16-17, ബി.എ 153/17-18 നമ്പർ കെട്ടിടങ്ങൾ പാർഷ്യൽ ഒക്യുപ്പൻസിക്ക് നേടിയ തുടർന്നുള്ള നിർമ്മാണത്തിന്റെ യാതൊരുവിവരങ്ങളും ലഭ്യമല്ലാതെയുള്ള കെട്ടിടങ്ങളാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കാത്ത, ഒക്യുപ്പൻസി നേടാത്ത കെട്ടിടങ്ങളുടെ ഫീൽഡ് തല പരിശോധന കൊണ്ട് മാത്രമേ ഇവയുടെ നിലവിലെ സ്ഥിതിയും നിയമലംഘനങ്ങളും കണ്ടെത്താൻ സാധിക്കുകയുള്ളൂ. എന്നാൽ അപ്രകാരം സ്ഥലപരിശോധന നടത്തി നിയമലംഘനം നടക്കുന്നില്ല എന്ന് കണ്ടെത്താനുള്ള നടപടികൾ ഒന്നും നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല.

നഗരസഭയിലെ പെർമിറ്റ് ഫയലുകൾ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിലവിൽ ഇത്തരം കെട്ടിടങ്ങളുടെ വിവരങ്ങൾ തയ്യാറാക്കുകയോ ഈ വിഷയത്തിൽ തുടർ പരിശോധനകൾ നടത്തുകയോ ചെയ്തുവരുന്നില്ല.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുന്നതിനായി എൻക്വയറി (നം-26 Dtd 28.04.2022)നൽകിയെങ്കിലും മറുപടി നൽകിയില്ല.

കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കാതെയോ, ഒക്യുപെൻസിക്ക് അപേക്ഷിക്കാതെയോ ഉള്ള അപേക്ഷകളിൽ, പ്രസ്തുത കെട്ടിടങ്ങൾ പണി പൂർത്തിയാക്കി അനധികൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തി, അനധികൃതമായി പ്രവർത്തിക്കുന്നവ കണ്ടെത്തി തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 നഗരസഭയിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകുന്നതിലെ അപാകതകൾ

2019-20 സാമ്പത്തികവർഷത്തിൽ നഗരസഭയിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യാപാര ലൈസൻസ് അനുവദിക്കുന്നതും പുതുക്കി നൽകുന്നതുമായ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 2011 ലെ കേരള മുനിസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യാപാരം/തൊഴിൽ /കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, സ്ഥാപനത്തിന്റെ മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തേയും സുതാര്യമായ മാനദണ്ഡപ്രകാരം എ,ബി,സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1-ഉം, 2-ഉം പട്ടികകളിൽ പെടുന്ന ഇനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിനു വിധേയമായി നഗരസഭ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക

ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. ലൈസൻസ് ഫീസ് നിശ്ചയിച്ച കൊണ്ടുള്ള വിജ്ഞാപനം ചട്ടം പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതാണെന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ നഗരസഭയിൽ ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ചതായ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ഓരോ വ്യാപാരങ്ങൾക്കുമുള്ള മുതൽമുടക്ക് സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലൈസൻസിനുള്ള അന്വേഷണ റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

ബി) 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ, പട്ടിക 3 എന്നിവ പ്രകാരം യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഫീസ് നിശ്ചയിക്കേണ്ടതും ഓരോ വർഷവും ഫീസ് ഈടാക്കി പുതുക്കി നല്കാവുന്നതുമാണ്. പട്ടിക 3 പ്രകാരം, 100 കുതിരശക്തിയിൽ കവിയുന്നതും 200 കുതിരശക്തിയിൽ കവിയാത്തതുമായ യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് നിശ്ചയിക്കാവുന്ന കുറഞ്ഞ വാർഷിക ഫീസും തുടർന്നുള്ള ഓരോ കുതിരശക്തിക്കും അധിക നിരക്കും ഈടാക്കേണ്ടതാണ്. 2019-20 ലെ ലൈസൻസിനായുള്ള വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ മോട്ടോർ ലൈസൻസ് ഫീസ് പ്രത്യേകമായി കണക്കാക്കി രേഖപ്പെടുത്താത്തതിനാൽ ചട്ടപ്രകാരം ഈടാക്കേണ്ട ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സി) 2019-20 വർഷം ലൈസൻസിനായി ലഭിച്ച വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ, അവയോടൊപ്പം ഹാജരാക്കേണ്ട ഫാക്ടറീസ് &ബോയിലേഴ്സ് ലൈസൻസ് സർട്ടിഫിക്കറ്റ്, കേരള മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള നോൺ-പൊല്യൂഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഇല്ലാതെയും നഗരസഭ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. സ്ഥാപനങ്ങൾ ഇവ പിന്നീട് ഹാജരാക്കാമെന്ന സത്യവാങ്മൂലമാണ് അപേക്ഷകൾക്കൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. പിന്നീട് രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഡി)ലൈസൻസ് ചട്ടങ്ങളിലെ പട്ടിക 1 ലെ ക്രമ നം.154 പ്രകാരം കള്ള് ഷാപ്പുകൾക്കും മദ്യഷാപ്പുകൾക്കും പട്ടിക 2 ലെ ക്രമ നം.54 പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, ക്രമ നം.95 പ്രകാരം ഓഡിറ്റോറിയങ്ങൾ, കല്യാണമണ്ഡപങ്ങൾ, ക്രമ നം.23 പ്രകാരം മത്സ്യവില്പന, ക്രമനമ്പർ 12 പ്രകാരം ചിട്ടി, മണിലെൻഡിംഗ്, കുറി എന്നിവയ്ക്കും ലൈസൻസ് ആവശ്യമുണ്ട്. എന്നാൽ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഇത്തരം സ്ഥാപനങ്ങളിൽ ഭൂരിഭാഗത്തിനും ലൈസൻസ് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല.

ഇ) നഗരസഭയിൽ ലൈസൻസ് എടുക്കേണ്ട മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.അതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ ,ലൈസൻസില്ലാതെ ഏതെല്ലാം സ്ഥാപനങ്ങളാണ് നഗരസഭയിൽ പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കാൻ സാധിക്കുന്നില്ല. ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് നിലവിലെ രജിസ്റ്ററുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എഫ് )ലൈസൻസിനായി അപേക്ഷിച്ച വിവിധ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ സ്ഥാപനങ്ങൾ നൽകുന്ന അപേക്ഷകളിലോ വാർഡ് ചുമതലയുള്ളവരുടെ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാണ്ട് ചെയ്യേണ്ട പല സ്ഥാപനങ്ങളുടെ വിവരങ്ങളും ഇതിനാൽ നഗരസഭക്ക് ലഭിക്കുന്നില്ല. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ അവയുടെ വാടക കരാർ ഹാജരാക്കുന്നില്ല. പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ അന്വേഷണ റിപ്പോർട്ട് മാത്രമാണ് തയ്യാറാക്കുന്നത്. വാടക കരാർ, കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവ ഒടുക്കിയതിന്റെ രസീതിന്റെ കോപ്പിയും അപേക്ഷകളോടൊപ്പം ലഭ്യമല്ല. ലൈസൻസ് രജിസ്റ്ററിലെ തുകയും അക്കൗണ്ട്സ് പ്രകാരമുള്ള തുകയും റീകൺസൈൽ ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല .

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കാനായി എൻക്വയറി (നം-27 Dtd 28.04.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 നഗരസഭാ സെക്രട്ടറിയുടെ ശമ്പളത്തിൽനിന്ന് വീട്ടുവാടക കുറവ് ചെയ്തില്ല.

1. നഗരസഭാ സെക്രട്ടറിയ്ക്ക് നഗരസഭാ പരിധിയിൽ താമസിക്കുന്നതിനായി 08.6.2018 മുതൽ നഗരസഭ വീട് വാടകയ്ക്ക് എടുത്തിരുന്നതും വാടകയിനത്തിൽ പ്രതിമാസം 8000/- രൂപ വീതം ആകെ 96,000/-രൂപ 2019-20 വർഷം നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നിരുന്നാലും നഗരസഭാ സെക്രട്ടറി, ശ്രീ.കൃഷ്ണരാജ് എൻ. പി.യ്ക്ക് സ്പാർക്ക് വഴി വിതരണം ചെയ്യുന്ന ശമ്പളത്തിൽ താഴെ ചേർത്ത കാലയളവിൽ വീട്ടു വാടക ബത്ത അനുവദിച്ചിട്ടുള്ളതായും നൽകിയ ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ശമ്പളത്തിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. ഇത് മൂലം നഗരസഭാ ഫണ്ടിന് 9950/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഭാഗം 2 ൽ ചേർത്തിട്ടുണ്ട്.

2. ഫയൽ പരിശോധിച്ചതു പ്രകാരം സെക്രട്ടറിയ്ക്ക് അനുവദിക്കുന്ന പി.സി.എ. അലവൻസ് 'സ്പാർക്ക് ' വഴി നൽകുന്നതിനു പകരം മൊബൈൽ ഫോണിനുള്ള അലവൻസിനോടൊപ്പം തനതുഫണ്ടിൽ നിന്ന് നൽകിയതായി കാണുന്നു. സെക്രട്ടറിയ്ക്ക് അനുവദിക്കുന്ന പി സി എ അലവൻസ് സ്പാർക്ക് വഴി നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് 28.4.22 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24 ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് ഉടൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ - ക്യാമറകൾ നിലവിൽ പ്രവർത്തന ക്ഷമമല്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 193/19 |
| പ്രോജക്ടിന്റെ പേര് | : | റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ |
| അടങ്കൽ | : | 10,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാർ എടുത്ത ഏജൻസി | : | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| ചെലവ് വിവരം | : | 999979/- |
| ബിൽ നം. | : | 18/17.6.2019 |

നഗരസഭാ പ്രദേശത്തെ റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് (999979/- ജി.എസ്.ടി 18% ഉൾപ്പെടെ) ക്വാട്ട് ചെയ്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1) ജി.ഒ (എം.എസ്)നം.13/2015/ഐ.ടി.ഡി തീയതി 12.5.2015 സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളുടെ നിർവ്വഹണം ഇ ടെണ്ടർ നടപടികളിലൂടെ മാത്രം നടപ്പാക്കേണ്ടതാണ്. എന്നാലിവിടെ 10 ലക്ഷം രൂപയുടെ മൂല്യമുള്ള പ്രവൃത്തി കേവലം ക്വട്ടേഷൻ ക്ഷണിച്ചാണ് നടപ്പാക്കിയിട്ടുള്ളത്. ഇത് മൂലം മത്സരാധിഷ്ഠിത സ്വഭാവത്തിലുള്ള ടെണ്ടറുകൾ ലഭിക്കുവാനുള്ള സാധ്യത നഷ്ടമായി.

2) ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത് പൊതു മരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിലാണ്. ഗതാഗത പരിഷ്കരണം, ക്രമ സമാധാന പാലനം എന്നിവയുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി റോഡുകളിൽ ക്യാമറകൾ സ്ഥാപിച്ച് വരുന്നത് മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ് എന്നിവരുടെ നേതൃത്വത്തിലാണ്. പ്രസ്തുത സാഹചര്യത്തിൽ ഇത്തരത്തിലൊരു പദ്ധതി ഏറ്റെടുക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. ടി പദ്ധതിയ്ക്ക് സർക്കാരിൽ നിന്നും മുൻകൂർ അനുവാദവും വാങ്ങിയതായി കാണുന്നില്ല.

3) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന് 15.12.2018 ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും സ്ഥാപനം കരാർ ചമച്ചിട്ടുള്ളത് 16.2.2019 ലാണ്. കരാർ ചമയ്ക്കുന്നതിലുണ്ടായ കാലതാമസ്സത്തിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

4) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ 27.3.2019 ൽ പൂർത്തീകരിച്ചതായി എം.ബുക്കിൽ രേഖപ്പെടുത്തി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും, ക്യാമറകളുടെ ഇൻസ്റ്റലേഷൻ നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ ഇല്ല.

5) കച്ചേരിത്താഴം ജംഗ്ഷൻ, പോസ്റ്റ് ഓഫീസ് ജംഗ്ഷൻ, വേളൂർകുന്നം ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പോളുകളിൽ 4 ക്യാമറകൾ വീതവും (WDR Camera – 3, ANPR Camera- 1) ലിസിനെക്സ് ജംഗ്ഷൻ, സ്റ്റേഡിയം ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പോളുകളിൽ 3 ക്യാമറകൾ (ANPR Camera) വീതവും 5 പോളുകളിലായി ആകെ 18 ക്യാമറകൾ (WDR Camera- 15, ANPR Camera- 3 ) സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയാണ് തുക കൈപ്പറ്റിയിട്ടുള്ളത്. എന്നാൽ 29.4.22 ൽ നടത്തിയ ഭൗതിക പരിശോധയിൽ എസ്റ്റിമേറ്റ്, അളവ് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വിഭിന്നമായ രീതിയിലാണ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതെന്നും ആകെ 16 ക്യാമറകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും കാണുവാൻ കഴിഞ്ഞു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥല വിവരം | സ്ഥാപിച്ച ക്യാമറകളുടെ എണ്ണം | |
|---|---|---|---|
| | | WDR Camera | ANPR Camera |
| 1 | കച്ചേരിത്താഴം ജംഗ്ഷൻ | 3 | 1 |
| 2 | വേളൂർക്കുന്നം ജംഗ്ഷൻ | 3 | |
| 3 | പോസ്റ്റ് ഓഫീസ് ജംഗ്ഷൻ | 3 | |
| 4 | സ്റ്റേഡിയം ജംഗ്ഷൻ | 2 | 1 |
| 5 | ലിസിനെക്സ് | 2 | 1 |
| | ആകെ | 13 | 3 |

15 WDR ക്യാമറകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തി 16500 + 18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 13 WDR ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നിരിക്കെ 2 ക്യാമറകളുടെ തുകയായ 38940/- രൂപ സ്ഥാപനത്തിന് അധികമായി നൽകി.

*<u>ബില്ലിൽ രേഖപ്പെടുത്തിയതിലും കുറഞ്ഞ കപ്പാസിറ്റിയുള്ള ബാറ്ററികൾ സ്ഥാപിച്ച് അധിക തുക കൈപ്പറ്റി</u>* _

ക്യാമറകളുടെ പ്രവർത്തനത്തിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള 100AH ബാറ്ററികൾ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയാണ് തുക കൈപ്പറ്റിയിട്ടുള്ളത് (5 ബാറ്ററി യൂണിറ്റ്). എന്നാൽ ഓരോ പോളുകളിലും 60AH കപ്പാസിറ്റിയുള്ള ബാറ്ററികൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.

എം.ബുക്ക് പ്രകാരം രേഖപ്പെടുത്തിയ പ്രവൃത്തികൾ കൃത്യമായി ചെയ്തോ എന്നത് പരിശോധിച്ച് ബോദ്ധ്യപ്പെടാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും സ്ഥാപനത്തിന് നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ഗുരുതരമായ അനാസ്ഥയായി ഓഡിറ്റിൽ കണക്കാക്കുന്നു. ക്യാമറയുടെ വിലയായ 38940/- രൂപയും 2 ക്യാമറകളുടെ ഇൻസ്റ്റലേഷൻ ചാർജ്ജ് എന്നിവയും, ബാറ്ററിയുടെ വില ഇനത്തിൽ അധികമായി നൽകിയ തുകയും (വില വ്യത്യാസം 5 ബാറ്ററികൾക്ക് ) പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

6) പി.എച്ച് 2 – 9726/19 നമ്പർ ഫയലിലെ 20.2.21 ലെ ഓഫീസ് നോട്ടിൽ നിലവിൽ 9 ക്യാമറകൾ മാത്രമെ പ്രവർത്തിക്കുന്നുള്ളൂ എന്നും ബാക്കിയുള്ളവ പ്രവർത്തനക്ഷമമാക്കുന്നതിന് ഏജൻസിയെ അറിയിച്ചിട്ടുള്ളതായും, എന്നാൽ ഏജൻസിയിൽ നിന്നും ലഭിച്ച മറുപടിയിൽ എ.എം.സി 19.3.2020 ൽ അവസാനിച്ചിട്ടുള്ളതായും എ.എം.സി പുതുക്കിയതിനു ശേഷം മെയിന്റനൻസ് നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ എ.എം.സി നാളിതുവരെ പുതുക്കിയിട്ടില്ല. നിലവിൽ എ.എം.സി ഇല്ലാത്തതിനാൽ ക്യാമറകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല എന്ന് 10.2.22 ലെ ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ക്യാമറകളുടെ പ്രവർത്തനത്തിനായി എടുത്തിട്ടുള്ള ബ്രോഡ് ബാന്റ് കണക്ഷന് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷന് 4/2022 വരെ തുക നൽകിയിട്ടുള്ളതായി കാണുന്നു. (1/22 മുതൽ 4/22 വരെ 7075/- രൂപ ചെക്ക് നം. 264938/13.5.22)

7) ഓഡിറ്റ് വേളയിൽ ക്യാമറകൾ പ്രവർത്തന രഹിതമായ സാഹചര്യത്തിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ Properties(സ്റ്റോറേജ് കപ്പാസിറ്റി, റിക്കോർഡ് ചെയ്ത വിവരങ്ങൾ) സിസ്റ്റത്തിൽ നിന്നും പരിശോധിച്ച്

ബോധ്യപ്പെടാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

10 ലക്ഷം രൂപ ചെലവഴിച്ച് നടപ്പാക്കിയ പദ്ധതി യഥാസമയം ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ കേവലം 2 വർഷത്തിനുള്ളിൽ തന്നെ പ്രവർത്തന രഹിതമാകുകയും, പദ്ധതി പാഴ്ചെലവാകുകയും ചെയ്തു. (പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/29.4.22 )നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 എഞ്ചിനിയറിംഗ് ഡിസൈനിംഗിന് പ്രതിഫലം-എക്സ് പാർട്ടി വിധിയിൽ പലിശ നൽകേണ്ടി വന്നു

വൗച്ചർ നമ്പർ 95/30.07.2019 പ്രകാരം നഗരസഭ വക സ്ലോട്ടർ ഹൗസിനോട് ചേർന്ന് ഷോപ്പിംഗ് കോംപ്ലക്സ്, മീറ്റ് സ്റ്റാൾ ബിൽഡിംഗ് നിർമ്മാണം എന്ന പ്രവൃത്തിക്കായി പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് ഇവ തയ്യാറാക്കിയതിന് M/s ജെയിംസ് കാപ്പൻ & അസോഷിയേറ്റ്സ്, ആർക്കിടെക്റ്റ്സ് & എഞ്ചിനിയേഴ്സ് ഉാലം പി ഒ എന്ന സ്ഥാപനത്തിന് പ്രതിഫലം ഇനത്തിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ 78627/- രൂപ പലിശയുൾപ്പെടെ ആകെ 250000/- രൂപ നൽകിയിട്ടുണ്ട്. (10% നികുതി കുറവ് ചെയ്ത തുക 225000/- രൂപ-ചെക്ക് നമ്പർ 028206 തീയതി 29.08.2019). ഇത് സംബന്ധിച്ച PW2-12143/16 നമ്പർ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. നഗരസഭാ സെക്രട്ടറിയുടെ 04.11.2004 ലെ പി ഡബ്ല്യു2-7614/03 കത്തിൽ നഗരസഭയിൽ കാവുംകര മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ്, ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡ്രോയിംഗ് എന്നിവ തയ്യാറാക്കുന്നതിന് ടി സ്ഥാപനത്തെ ചുമതലപ്പെടുത്തി അറിയിപ്പ് നൽകിയിട്ടുണ്ട്. ടി കത്തിൽ സ്ഥാപനത്തിന്റെ പ്രതിഫലത്തിന് സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ടെന്നും സ്ഥാപനത്തിന്റെ ഓഫർ സർക്കാരിലേക്ക് അയച്ചുകൊടുക്കുന്നതും ആയത് സർക്കാർ അംഗീകരിച്ച് തിരിച്ച് ഈ ഓഫീസിൽ അറിയിക്കുന്ന നിരക്ക് സ്വീകാര്യമാണെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് നഗരസഭാ സെക്രട്ടറിയുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കാവുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്. 03.01.2005 ലെ പി ഡബ്ല്യു2-7614/03 നമ്പർ കത്തിൽ കെ യു ഡി എഫ് സി-യുടെ സാമ്പത്തിക സഹായം ലഭിക്കാത്ത പദ്ധതികൾക്ക് ആർക്കിടെക്ചറിന്റെ നിരക്ക് സർക്കാർ അംഗീകാരത്തിന് വിധേയമായി മാത്രമേ നിശ്ചയിക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും സർക്കാർ അംഗീകരിക്കുന്ന നിരക്ക് എന്തായാലും അത് താങ്കൾക്ക് സ്വീകാര്യമാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിഎഗ്രിമെന്റ് വയ്ക്കണമെന്നും സെക്രട്ടറി സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തി നഗരസഭയും സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടോയെന്ന് ഫയലിൽ നിന്നും വ്യക്തമല്ല. സ്ഥാപനം പലിശയുൾപ്പെടെ പ്രതിഫലം ആവശ്യപ്പെട്ട് കോടതിയിൽ ഹാജരാക്കിയ കരാർ 20.06.2002 തീയതിയിലേതാണ്. M/s ജെയിംസ് കാപ്പൻ & അസോഷ്യേറ്റ്സുമായി 20.06.2002 ൽ ഏർപ്പെട്ട ഈ കരാറിലെ 4ാം നമ്പർ വ്യവസ്ഥയിൽ The Final Settlements Of The Architects Fee Shall Be Made Based On The Final Technical Sanction എന്നാണ് ചേർത്തിട്ടുള്ളത്. സ്ഥാപനത്തെ പ്രവൃത്തി ഏല്പിച്ച് കത്ത് നൽകിയിട്ടുള്ളത് 04.11.2004 ൽ മാത്രമാണ്.

2. എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കിയതിന്റെ പലിശയുൾപ്പെടെയുള്ള പ്രതിഫലം ആവശ്യപ്പെട്ട് ശ്രീ.ജെയിംസ് കാപ്പൻ തദ്ദേശ സ്വയംഭരണ വകുപ്പിന് വേണ്ടിയുള്ള ഓംബുഡ്സ്മാനിൽ ഹർജി നൽകിയെങ്കിലും സിവിൽ കോടതിയെ സമീപിക്കാൻ നിർദ്ദേശിച്ച് പരാതി തീർപ്പാക്കിയിരുന്നു. അതിനെത്തുടർന്ന് മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ ടിയാൾ നൽകിയ OS No.338 Of 2014 നമ്പർ ഹർജിയിൽ 20.06.2002 ലെ കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പരാതിക്കാരന് പ്രതിഫലവും 6% ശതമാനം പലിശയും നഗരസഭ നൽകണമെന്ന് കോടതി ഉത്തരവായി. എതിർകക്ഷിയായ നഗരസഭയ്ക്ക് സ്വന്തം ഭാഗം വിശദീകരിക്കാൻ അവസരം നൽകിയെങ്കിലും കോടതിയിൽ ഹാജരായിട്ടില്ലെന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് . ആയതിനാൽ എക്സ് പാർട്ടി ആയാണ് പരാതിക്കാരന് അനുകൂലമായി കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്.

3. എക്സ് പാർട്ടി വിധി വന്നതിന് ശേഷം ബഹു.മൂവാറ്റുപുഴ മുൻസിഫ് കോടതി മുൻപാകെയുള്ള മീഡിയേഷന് ശേഷം നഗരസഭ പ്രതിഫലമിനത്തിൽ ആകെ 250000/- രൂപ നൽകാമെന്ന് ഇരു കക്ഷികളും സമ്മതിക്കുകയും മേൽ പരാമർശിത വൗച്ചർ പ്രകാരം നൽകുവാനുള്ള ആകെ തുകയായ 250000/- രൂപയിൽ നിന്ന് 10% ടി ഡി എസ് കുറവ് ചെയ്ത് 225000/- രൂപ നൽകുകയും ചെയ്തു. തുക കണക്കാക്കിയിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്.

പ്രതിഫല തുക--- 172420 /-

പലിശ ------------- 78627 /-

ആകെ -----------251047/-

മേൽ വിഷയത്തിൽ പ്രതിഫലമിനത്തിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്ക് കരാർ സ്ഥാപനത്തിന് സമ്മതമാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തി കരാർ പുതുക്കാതിരുന്നതിനാലും, കോടതിയിൽ യഥാസമയം ഹാജരായി നഗരസഭയുടെ ഭാഗം അവതരിപ്പിക്കാതിരുന്നതിനാലുമാണ് പരാതിക്കാരന് അനുകൂലമായി കോടതി വിധി വന്നതും പലിശയിനത്തിൽ 78627/- രൂപ നൽകേണ്ടി വന്നതും. ഇത് സംബന്ധിച്ച് നൽകിയ 28.04.2022 ലെ 23ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നഗരസഭ കോടതി കേസുകൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. അർഹിക്കുന്ന ഗൗരവത്തോടെ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതും ഇത്തരം സാമ്പത്തിക നഷ്ടം വരുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-21 ഓണം അഡ്വാൻസ് തിരികെ ഈടാക്കിയില്ല

നഗരസഭയിലെ ഓണം അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ വൗച്ചർ നമ്പർ 29/04.09.2019 പ്രകാരം ആകെ 370000/- രൂപ റെഗുലർ ജീവനക്കാരുടെ ഉത്സവബത്ത ഇനത്തിൽ നൽകിയിട്ടുണ്ട്. താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും ഓണം അഡ്വാൻസ് നൽകിയ തുക മുഴുവൻ തിരികെ ഈടാക്കി ക്രമീകരിച്ചിട്ടില്ല.

| ജീവനക്കാരന്റെ പേര്, തസ്തിക | മുൻകൂർ നൽകിയ തുക | തിരികെ ഈടാക്കിയ തുക | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| ശ്രീ രാജൻ പി, സൂപ്രണ്ട് | 15000/- | 12000/- | 3000/- |
| ശ്രീമതി എം ആർ ഗീത, ഹെൽത്ത് സൂപ്പർവൈസർ | 15000/- | 9000/- | 6000/- |
| അംബിക വി, റവന്യൂ ഇൻസ്പെക്ടർ | 15000/- | 6000/- | 9000/- |
| | | ആകെ | 18000/- |

രജിസ്റ്റർ പ്രകാരം 18000/- രൂപ തിരികെ ഈടാക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും വാർഷികധനകാര്യ പത്രിക B-18 ഷെഡ്യൂളിൽ 460100400 എന്ന ഹെഡ്ഡിൽ 3000/- രൂപ മാത്രമാണ് തിരികെ ഈടാക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 28.04.2022 ൽ നൽകിയ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ മുഴുവൻ തുകയും തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 വൈദ്യുതി ചാർജ് - താരിഫ് നിർണ്ണയത്തിലെ അപാകത - അധിക തുക നൽകേണ്ടി വന്നു.

നഗരസഭയിലെ വൈദ്യുതി ബില്ലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നഗരസഭയിലെ സി പി ലൈബ്രറിയുടെ 1155916012323 കൺസ്യൂമർ നമ്പറിലുള്ള കണക്ഷന്റെ വൈദ്യുതി ചാർജിന്റെ താരിഫ് നിർണ്ണയത്തിലെ അപാകത മൂലം അധിക ചാർജ് അടവാക്കിയതായി കാണുന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 1007/F&T/KSERC/2016 Dated 17.04.2017, 560/DD(T)/2018/KSERC ORDER Dated 29.03.2019 എന്നീ ഉത്തരവുകൾ പ്രകാരം ലൈബ്രറികൾക്ക് ബാധകമായിട്ടുള്ളത് LT 6A താരിഫ് ആണ്. എന്നാൽ നഗരസഭയിലെ സി പി ലൈബ്രറിയുടെ വൈദ്യുതി ചാർജ് കണക്കാക്കിയിട്ടുള്ളത് ഇൻകംടാക്സ്, സെൻട്രൽ എക്സൈസ് ഓഫീസുകൾ, ബാങ്കുകൾ, എ ടി എം എന്നിവയ്ക്ക് ബാധകമായിട്ടുള്ള LT 6C താരിഫ് നിരക്കിലാണ്. LT 6A, LT 6C എന്നിവ പ്രകാരമുള്ള വൈദ്യുതി നിരക്ക് താഴെ ചേർക്കുന്നു.

| | LT 6C | LT 6A |
|---|---|---|
| (എ)ഫിക്സഡ് ചാർജ് (Rs. Per KW) | 180 | 65 |
| (ബി) എനർജി ചാർജ് | | |
| 500 Kwh അല്ലെങ്കിൽ അതിൽ കുറവ് | 7 | 5.70 |
| 500 Kwh ന് മുകളിൽ | 8.50 | 6.50 |

ലൈബ്രറിയുടെ വൈദ്യുതി കണക്ഷന്റെ കണക്റ്റഡ് ലോഡ് 1000 വാട്ട്സും 04/2019 ലെ ദ്വൈമാസ ബിൽ

പ്രകാരമുള്ള ഉപഭോഗം 270 യൂണിറ്റും ആണ്. ഏപ്രിൽ 2019 ൽ ലഭ്യമാക്കിയ (ദ്വൈമാസ) ബിൽ (നം.591190404220/06.04.2019 ) പ്രകാരം 2456/- രൂപയാണ് ചാർജ് ഈടാക്കിയിട്ടുള്ളത്.

2. ബ്ലാമറ്റം കോളനി എസ് സി കുടിവെള്ള പദ്ധതിയുടെ 1155917026282 കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതി കണക്ഷന്റെ നിലവിലെ താരിഫ് 01.03.2019 ലെ 5591190300334 പ്രകാരം LT 4A ആണ്. ഇത് വ്യാവസായിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷന് ബാധകമായ നിരക്കാണ്. 16.08.2014 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള എസ് സി, എസ് ടി കുടിവെള്ള പദ്ധതികൾക്ക് ബാധകമായ നിരക്ക് LT VI E യും 16.08.2014 ന് മുൻപ് ഗാർഹിക ഉപഭോഗത്തിന് ബാധകമായ LT 1 താരിഫും ആയിരുന്നു. LT 4A, LT VI E എന്നിവ പ്രകാരമുള്ള വൈദ്യുതി നിരക്ക് താഴെ ചേർക്കുന്നു.

| | LT 4A | LT VI E |
|---|---|---|
| (എ)ഫിക്സഡ് ചാർജ് | 75<br>(Rs. Per KW<br>10 Kw നും 20kw നും ഇടയിൽ കണക്ടഡ് ലോഡ്) | 30<br>(സിംഗിൾ ഫേസ്)<br><br>80<br>(ത്രീ ഫേസ്) |
| (ബി) എനർജി ചാർജ് | 5.50 | 3.10 |

പദ്ധതിയുടെ വൈദ്യുതി കണക്ഷന്റെ കണക്റ്റഡ് ലോഡ് 14990 വാട്ട്സ് ആണ്. 03/2019 ലെ ബിൽ പ്രകാരം ഉപഭോഗം 0 യൂണിറ്റും ബിൽത്തുക 1209/- രൂപയും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപഭോഗം വർദ്ധിച്ചാൽ LT VI E യെക്കാൾ ഉയർന്ന നിരക്കിലുള്ള വ്യാവസായികാവശ്യത്തിനുള്ള നിരക്കിൽ എനർജി ചാർജ് അടവാക്കേണ്ടി വരുമെന്നതിനാൽ വൈദ്യുതി ബില്ലിൽ ഉയർന്ന തുക നൽകേണ്ടി വരുന്നതാണ്. വൈദ്യുതി താരിഫ് നിർണ്ണയത്തിലെ അപാകത കെ എസ് ഇ ബിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 22.04.2022 ൽ 4ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തെറ്റായ താരിഫ് നിർണ്ണയം കെ എസ് ഇ ബി-യെ അറിയിച്ച് തിരുത്തേണ്ടതും വൈദ്യുതി ചാർജിനത്തിൽ അധികം നൽകിയ തുക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-23 സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലെ മരം മുറിച്ച് മാറ്റിയതിനുള്ള ചെലവ് തിരികെ ഈടാക്കിയില്ല.

വൗച്ചർ നം 16/3-20(ഫയൽ നം 16069/9)പ്രകാരം ശ്രീമതി റുഖിയ ഹബീബ് എന്ന വ്യക്തിയുടെ പുരയിടത്തിൽ, അയൽവാസിയായ ശ്രീ അലിയാർ ടി പി എന്നയാൾക്ക് ഭീക്ഷണിയായി നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് അറിയിപ്പ് നൽകിയിട്ടും ഉടമസ്ഥ മുറിച്ച മാറ്റാതിരുന്നതിനാൽ നഗരസഭ ഫണ്ടിൽ നിന്ന് 2500/- രൂപ ചെലവഴിച്ചിട്ടുള്ളതാണ്. (ചെക്ക് നം 415208 തീ 2-3-20). ഈ തുക ഉടമസ്ഥയായ ശ്രീമതി റുഖിയ ഹബീബിൽ നിന്ന് നഗരസഭ ഫണ്ടിലേക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാശ്യപ്പെട്ടുകൊണ്ടുള്ള 28-4-2022 ലെ ഓഡിറ്റ് എൻക്വയറി നം 25 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ പറഞ്ഞ തുക നഗരസഭ ഫണ്ടിലേക്ക് തിരികെ ഈടാക്കി അറിയിക്കുന്നതുവരെ ചെലവു തുകയായ 2500/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-24 കെ.എസ്.ഇ.ബി ക്ക് തുക നൽകിയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾക്കായി കെ.എസ്.ഇ.ബി. യ്ക്ക് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 54/20 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 105/ 07.03.20 | 30962 | 00 | 30962 |

| | | | | |
|---|---|---|---|---|
| | 69/ 21.01.20 | 9820 | 00 | 9820 |
| | 27/ 26.08.19 | 69620 | 00 | 69620 |
| ആകെ | | 1,10,402 | - | 1,10,402 |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഡെപ്പോസിറ്റ് വർക്കിന് തുക നൽകുമ്പോൾ 460500201-advance To Implementing Agencies-KWA, 460500202-advance To Implementing Agencies-KSEB തുടങ്ങിയ ശീർഷകങ്ങളിലാണ് അതാതിനമനുസരിച്ച് ചെലവുതുക രേഖപ്പെടുത്തേണ്ടത്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിനുശേഷം മാത്രം ആസ്തിഹെഡിലേക്ക് മാറ്റേണ്ടതാണ്. സാംഖ്യ പേയ്മെന്റ് വൗച്ചർ ഫയലില്ലാത്തതിനാൽ ഏത് ഹെഡിലാണ് മേൽ ചെലവുകൾ ബുക്ക് ചെയ്തിരിക്കുന്നതെന്നതിൽ വ്യക്തതയില്ല.

പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച 1,10,402/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 47/19 |
| പ്രോജക്ടിന്റെ പേര് | : കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | : വിനോദ് കുമാർ.ടി.പി |
| ചെലവ് വിവരം | : 497937/- |
| ബിൽ നം. | : 66447/13.3.20 |
| പാനൽ എഞ്ചിനിയേഴ്സ് | 1.എം.കെ.ജോയി, അസി.എക്സി.എഞ്ചിനിയർ (റിട്ട) കെ.എസ്.ഇ.ബി<br>2.കെ.ജെ.ജോർജ്ജ്, അസി.എഞ്ചിനിയർ (റിട്ട) പി.ഡബ്ല്യൂഡി. ഇലക്ട്രിക്കൽ വിംഗ് |

നഗരസഭ കൗൺസിൽ ഹാളിലേയ്ക്ക് സൗണ്ട് സിസ്റ്റം വാങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ വിഭാഗം പാനൽ ബോർഡ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (എസ്റ്റിമേറ്റ് നിരക്ക്) വിനോദ് കുമാർ.ടി.പി എന്ന കരാറുകാരനാണ് ടി എസ്റ്റിമേറ്റ് പ്രകാരമുള്ള സൗണ്ട് സിസ്റ്റം പദ്ധതിയുടെ കരാർ നൽകിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) നിയമ പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തി.

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ (പി)നം.03/2013/എസ്.പി.ഡി തീയതി 21.6.2013) ഖണ്ഡിക 7(7) പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ടെണ്ടർ നടപടികളിലൂടെ മാത്രം നടപ്പാക്കേണ്ടതാണ്. എന്നാലിവിടെ 5 ലക്ഷം രൂപയുടെ മൂല്യമുള്ള പ്രവൃത്തി കേവലം ക്വട്ടേഷൻ ക്ഷണിച്ചാണ് നടപ്പാക്കിയിട്ടുള്ളത്. ഇത് മൂലം മത്സരാധിഷ്ഠിത സ്വഭാവത്തിലുള്ള ടെണ്ടറുകൾ ലഭിക്കുവാനുള്ള സാധ്യത നഷ്ടമായി.

2) പാനൽ ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അപാകതകൾ

കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം വാങ്ങൽ എന്ന പ്രസ്തുത പദ്ധതി പർച്ചേസിംഗുമായി ബന്ധപ്പെട്ട പ്രോജക്ടാണ്. ഇതിനായി പാനൽ എഞ്ചിനിയറിംഗ് ബോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട ആവശ്യകതയില്ല. ടെണ്ടർ ക്ഷണിച്ച് ടെണ്ടർ നടപടികളിലൂടെ പദ്ധതി നടപ്പാക്കാവുന്നതാണ്. ഇവിടെ പാനൽ എഞ്ചിനിയർ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ അഹൂജ സൗണ്ട് സിസ്റ്റത്തിന്റെ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത നിരക്ക് എപ്രകാരം കണക്കാക്കി എന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ / ടെണ്ടർ ക്ഷണിക്കുമ്പോൾ ഒരു കമ്പനിയുടേയും ബ്രാൻഡ് നെയിം, മോഡൽ വിവരം എന്നിവ രേഖപ്പെടുത്താൻ പാടില്ലാത്തതാണ്. എന്നാലിവിടെ അഹൂജ പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്ന സ്ഥാപനത്തിന്റെ പേരും ഉപകരണങ്ങളുടെ മോഡലും രേഖപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. അഹൂജ എന്ന സ്ഥാപനത്തിന്റെ ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് പ്രസ്തുത സ്ഥാപനമായിരിക്കെ പാനൽ

ബോർഡ് പ്രസ്തുത ഉപകരണങ്ങളുടെ നിരക്ക് നിശ്ചയിച്ചത് എപ്രകാരമെന്നത് വ്യക്തമല്ല. (എസ്റ്റിമേറ്റിൽ ഓരോ ഇനത്തിന്റെയും നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ പ്രസ്തുത നിരക്ക് എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന ഡേറ്റയോ മറ്റ് വിവരങ്ങളോ ലഭ്യമാക്കിയിട്ടില്ല)

ഒരു അടിസ്ഥാനവുമില്ലാതെ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ ഓരോ ഇനത്തിനും രേഖപ്പെടുത്തിയിട്ടുള്ള നിരക്ക് മാർക്കറ്റ് വിലയേക്കാൾ വളരെ ഭീമമായ നിരക്കാണ്. ഈ നിരക്കിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തിയത് മൂലം നഗരസഭയ്ക്ക് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | എസ്റ്റിമേറ്റ് പ്രകാരം | | | | മാർക്കറ്റ് നിരക്ക് (*) | | വ്യത്യാസം |
|---|---|---|---|---|---|---|---|
| | ഇനം | എണ്ണം | നിരക്ക് | തുക | നിരക്ക് | തുക | |
| 1 | Ahuja 8100 Chairman Unit | 1 | 20690 | 20690 | 14800 | 14800 | 5890 |
| 2 | Ahuja Cws 6200 Delegate Unit | 15 | 17960 | 269400 | 12800 | 192000 | 77400 |
| 3 | Ahuja Cws 8300 Host Unit | 1 | 71060 | 71060 | 50000 | 50000 | 21060 |
| 4 | Ahuja TZA 2000 Power Amp | 1 | 19600 | 19600 | 14000 | 14000 | 5600 |
| 5 | Ahuja SMX 602 Speaker | 4 | 5740 | 22960 | 4500 | 18000 | 4960 |
| 6 | Microphone | 16 | 3200 | 51200 | 2200 | 35200 | 16000 |
| 7 | Mike Stand | 2 | 1100 | 2200 | 1100 | 2200 | 0 |
| 8 | Speaker Cable 1.5mm | 2 Coil | 1700 | 3400 | -- | -- | 0 |
| 9 | Mike Cable | 15 | 105 | 1575 | -- | -- | 0 |
| 10 | Antenna | 1 | 5200 | 5200 | 4000 | 4000 | 1200 |
| 11 | Rack | 1 | 11500 | 11500 | 10000 | 10000 | 1500 |
| | Total | | | 478785 | | 340200 | |
| | *Total (Excluding Sl.no 8&9)* | | | *473810* | | *340200* | *133610* |

*{(*) പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട് കരാറുകാരൻ മാടിക്സ് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ15.11.2019 ലെ ക്വട്ടേഷൻ, 31.12.2019 ലെ ടാക്സ് ഇൻവോയ്സ് എന്നിവ പ്രകാരമുള്ള വിവരങ്ങൾ.}*

കരാർ പ്രകാരമുള്ള പ്രവൃത്തികളിൽ കരാറുകാരന് ലാഭ വിഹിതം ലഭിക്കേണ്ടതുണ്ട്. അത് കണക്കാക്കിയാണ് കരാറുകാർ നിരക്ക് ക്വാട്ട് ചെയ്യുന്നത്. എന്നാലിവിടെ പൊതു വിപണി വിലയേക്കാൾ വളരെ ഉയർന്ന നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലം എസ്റ്റിമേറ്റ് നിരക്കിൽ തന്നെ തുക ക്വാട്ട് ചെയ്ത കരാറുകാരന് ഭീമമായ ലാഭമാണുണ്ടായിട്ടുള്ളത്.

പർച്ചേസുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് വാങ്ങേണ്ടതും, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി പാനൽ ബോർഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതുമാണ്.

3) കരാറുകാരനായ വിനോദ് കുമാർ നിയമ പ്രകാരമുള്ള കാലയളവിൽ കരാർ ചമയ്ക്കാതിരുന്നിട്ടും ടിയാനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. (പിഴ കൂടാതെ കരാർ ചമയ്ക്കാവുന്നത് 20.11.2019 വരെ, കരാർ ചമച്ച തീയതി 26.11.2019) നിയമ പ്രകാരം കരാർ തുകയായ 498000/- രൂപയുടെ 1% 4980/- രൂപ ടിയാനിൽ നിന്നും പിഴ ഇനത്തിൽ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.28/28.4.22) നൽകിയതിന്റെ അടിസ്ഥാനത്തിൽ മൈക്രോഫോണുമായി ബന്ധപ്പെട്ട അപാകത പരിഹരിക്കുന്നതിനായി കരാറുകാരൻ വാങ്ങലുമായി ബന്ധപ്പെട്ട ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മറ്റ് അപാകതൾക്ക് വിശദീകരണമോ, മറുപടിയോ ലഭ്യമാക്കിയിട്ടില്ല. നിയമ പ്രകാരമുള്ള ടെണ്ടർ നടപടികളിലൂടെ പർച്ചേസ് നടത്താമായിരുന്ന പ്രസ്തുത പദ്ധതി പാനൽ ബോർഡ് തയ്യാറാക്കിയ എസ്റ്റിമേറ്റ് മുഖേന നടത്തിയത് മൂലം ഭീമമായ സാമ്പത്തിക നഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടായിട്ടുള്ളത്. മാത്രമല്ല ഇത്തരത്തിൽ അപാകത നിറഞ്ഞ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയതിനായി 19152/- രൂപയും (ചാർജ്ജ് 4%) പാനൽ എഞ്ചിനിയേഴ്സ് കൈപ്പറ്റിയിട്ടുണ്ട്.

## 1-26 മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

ജി ഒ(പി)നം.419/11ഫിൻ തീയതി 04.10.2011 പ്രകാരം താൽക്കാലിക അഡ്വാൻസ് കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതും അഡ്വാൻസ് തുക മുഴുവൻ ചെലവാകാത്ത പക്ഷം 3 മാസത്തിനുള്ളിൽ ബില്ല് സമർപ്പിച്ച് തുക തിരിച്ചടച്ചില്ലെങ്കിൽ അവശേഷിക്കുന്ന തുക 18% പലിശ

സഹിതം തിരികെ ഈടാക്കേണ്ടതാണ്. നഗരസഭയിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 വർഷം നൽകിയ മുൻകൂർ തുകയിൽ താഴെപ്പറയുന്ന തുകകൾ നാളിതുവരെ ക്രമീകരിക്കാത്തതായി കാണുന്നു.

| ക്രമ നം | അഡ്വാൻസ് കൈപ്പറ്റിയ ജീവനക്കാരൻ | ഉദ്ദേശ്യം | തുക/ കൈപ്പറ്റിയ തീയതി | ചെക്ക് നം./ വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | സുബൈർ റാവുത്തർ, ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ | മരത്തിന്റെ ശിഖരങ്ങൾ മുറിച്ച് മാറ്റുന്നതിന് | 3000/- 30.04.2019 | 102/30.04.2019 |
| 2 | സുബൈർ റാവുത്തർ, ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ | മുനിസിപ്പൽ വാഹനത്തിന്റെ ഫിറ്റ്നസ് ടെസ്റ്റ് | 5000/- 30.04.2019 | 104/30.04.2019 |
| 3 | ഷെമീന കെ പി, PWO II | അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിന് (വാർഡ് VI) | 15000/- 30.09.2019 | 17/30.09.2019 |
| 4 | അരുണിമ എൽ ജോർജ്, PWO I | അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിന് (വാർഡ് XIV) | 10000/- 07.01.2020 | 45/07.01.2020 |
| 5 | അരുണ മേരി ജോർജ്, PWO | ഭൂമി രജിസ്ട്രേഷൻ | 17656/- 09.01.2020 | 48/07.01.2020 |
| 6 | നിത്യ സി എൻ, ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ | ക്രിമറ്റോറിയം പുതിയ യൂണിറ്റിന്റെ ഉദ്ഘാടനം | 10000/- 09.01.2020 | 49/09.01.2020 |
| 7 | വിൻസെന്റ് കെ വി, ഹെൽത്ത് ഇൻസ് പെക്ടർ | പി എം എ വൈ-ലൈഫ്-താക്കോൽ കൈമാറൽ | 25000/- 16.01.2020 | 82/16.01.2020 |
| 8 | വിൻസെന്റ് കെ വി, ഹെൽത്ത് ഇൻസ് പെക്ടർ | ഹരിത ഭവനം-മത്സരം | 13000/- 17.01.2020 | 83/17.01.2020 |
| 9 | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, മൂവാറ്റുപുഴ | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം | 15000/- 18.01.2020 | 90/18.01.2020 |
| 10 | ഷീന എൻ, ജൂനിയർ ഹെൽത്ത് ഇൻസ് പെക്ടർ | മരം മുറിച്ച് മാറ്റുന്നതിന് | 2500/- 02.03.2020 | 16/02.03.2020 |
| 11 | ഷെമീന കെ പി, PWO II | അനധികൃത നിർമ്മാണം നീക്കം ചെയ്യുന്നതിന് | 15000/- 03.03.2020 | 18/03.03.2020 |
| 12 | ആശ എം കെ, സീനിയർ ക്ലർക്ക് | വികസന സെമിനാർ | 90000/-/ 09.03.2020 | 65/09.03.2020 |
| 13 | ഷീന എൻ, ജൂനിയർ ഹെൽത്ത് | കൊവിഡ് പ്രതിരോധം-സാനിറ്റൈസർ | 10000/- 18.03.2020 | 89/18.03.2020 |

| | | | | |
|---|---|---|---|---|
| | ഇൻസ് പെക്ടർ | വാങ്ങുന്നതിന് | | |
| | | | 231156 | |

രജിസ്റ്റർ പ്രകാരം 1975-76 മുതൽ 2018-19 വരെ മുൻകൂറുകൾ നൽകിയതിൽ 1758829/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

കൈപ്പറ്റിയ അഡ്വാൻസ് തുക ക്രമീകരിക്കാതെ തന്നെ വീണ്ടും അതേ വ്യക്തിക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. ഈ നടപടി ക്രമവിരുദ്ധമാണ്. 2019-20 ൽ നൽകിയ 231156/- രൂപയും 1975-76 മുതൽ 2018-19 വരെയുള്ള 1758829/- രൂപയും ചേർത്ത് ആകെ 1989985/- രൂപ ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്. മുൻകൂർ ക്രമീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 27.04.2022 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതും മുൻകൂർ തുകകൾ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-27 ഗ്രോബാഗ് പച്ചക്കറി വികസന പദ്ധതി - വികസന ഫണ്ടിൽ നിന്നും അധികതുക പിൻവലിച്ചു

പ്രോജക്റ്റ് നം-239/2020 (S.O)

അടങ്കൽ-51500/-( വികസനഫണ്ട് -ജനറൽ)

ചെലവ്-18000 /-

നിർവ്വഹണം- കൃഷി ഓഫീസർ

നഗരസഭയിലെ പച്ചക്കറി കൃഷി വികസനത്തിലായി 2018-19 ൽ നടപ്പിലാക്കിയ ഗ്രോബാഗ് പച്ചക്കറി വികസന പദ്ധതിയിലെ (പ്രോജക്റ്റ് നം-179/2019) സ്പിൽ ഓവറായി വന്ന ചെലവുകളാണ് 2019-20 ലെ പദ്ധതിയിൽ നിന്നും നടത്തിയിട്ടുള്ളത്. 2018-19 ലെ വാർഷിക പദ്ധതി പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച ഒരു ഗ്രോബാഗിന് 80 രൂപ നിരക്കിൽ ആകെ1625 ഗ്രോബാഗുകളാണ് ആരക്കുഴ കാർഷിക കർമ്മസേനയുടെ പക്കൽ നിന്നും130,000 രൂപ ചെലവഴിച്ച് വാങ്ങിയത്. ഇവ 25എണ്ണം വീതമുള്ള ഒരു യൂണിറ്റായി 65 കർഷകർക്ക് വിതരണം നടത്തി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ, തിരുവനന്തപുരം തി.14/02/2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള വാർഷിക പദ്ധതികളുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.11 പ്രകാരം ഈ വിഭാഗത്തിൽ പരമാവധി 75% സബ്സിഡിയാണ് നൽകാൻ അനുവദിച്ചിട്ടുള്ളത്. ഇത് പ്രകാരം ആകെ ചെലവായ 130,000 രൂപയിൽ പരമാവധി 97,500 രൂപയാണ് സബ്സിഡി നൽകാവുന്നത്. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ 2018-19 ൽ ബിൽ നം-06/2018-19 Dtd 11/01/2019 പ്രകാരം 81,000/- രൂപ ട്രഷറി മുഖേനെ വികസനഫണ്ടിൽ നിന്നും കാർഷിക കർമ്മസേനയ്ക്ക് നൽകിയിരുന്നു. ഇതിനു പുറമേ 18000/- രൂപ കൂടി വികസന ഫണ്ടിൽ നിന്നും 2019-20 ൽ ബിൽ നം-01/2019-20 Dtd 11/05/2019 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ ആകെ 99,000 രൂപയാണ് വികസനഫണ്ടിൽ നിന്നും പിൻവലിച്ചത്. ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടിയിരുന്ന 1500 രൂപ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ എൻക്വയറി (6 Dtd 24/04/2022) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 മരണപ്പെടുന്നവരുടെ സാമൂഹ്യസുരക്ഷാ പെൻഷൻ - യഥാസമയം തുടർ നടപടി സ്വീകരിക്കുന്നില്ല

1. 2019-20 ലെ നഗരസഭയിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപറ്റിയിട്ടുള്ള

തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും നഗരസഭാ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻറെ പേര്, പെൻഷൻ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | പാറുകുട്ടിയമ്മ 106780201609 | 05.04.2019 വാർധക്യ പെൻഷൻ | 7/2019 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. തുടർന്ന് വിതരണം തടഞ്ഞ് വച്ചിരിക്കുന്നു. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 2 | കെ കെ തോമസ് 106940200837 | 7.04.2019 വാർധക്യ പെൻഷൻ | 7/2019 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. തുടർന്ന് 9/2020 വരെ തടഞ്ഞ് വച്ചു. 5-10.20 ന് സസ്പെൻഡ് ചെയ്തു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 3 | ജാനകി വേലായധൻ, 107060200536 | 12-4-2019 വാർധക്യ പെൻഷൻ | 4/2019 വരെ വിതരണം ചെയ്തു. തുടർന്ന് വിതരണം തടഞ്ഞ് വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 4 | എലിയാസ് പാവു 107060200799 | 17-4-2019 വാർധക്യ പെൻഷൻ | 4/2019 വരെ വിതരണം ചെയ്തു. തുടർന്ന് വിതരണം തടഞ്ഞ് വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 5 | കണ്ണൻ തങ്കമ്മ 107070600088 | 11-4-2019. വാർധക്യ പെൻഷൻ | 4/2019 വരെ വിതരണം ചെയ്തു. തുടർന്ന് വിതരണം തടഞ്ഞ് വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 6 | പൈലി പൈലി 101920100385 | 24-4-2019. വാർധക്യ പെൻഷൻ | 4/2019 വരെ വിതരണം ചെയ്തു. തുടർന്ന് വിതരണം തടഞ്ഞ് വച്ചിരിക്കുന്നു. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 7 | വി എം കാദർകുഞ്ഞ് 101950200391 | 27-4-2019. വാർധക്യ പെൻഷൻ | 7/2019 വരെ തുക ബാങ്കിൽ അക്കൌണ്ടിൽ നിക്ഷേപിച്ചു. തുടർന്ന് വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 8 | എ ആർ വാസു 106850100799 | 2-5-2019 കർഷക പെൻഷൻ | 7/2019 വരെ തുക ബാങ്കിൽ അക്കൌണ്ടിൽ നിക്ഷേപിച്ചു. തുടർന്ന് വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 9 | സെയ്തു മഹമ്മദ് 101950200219 | 26-11-2019 വാർധക്യ പെൻഷൻ | 8/2019 മുതൽ വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 10 | ഉമ്മാനി എം പി 101950200026 | 18-11-2019 വാർധക്യ പെൻഷൻ | 8/2019 മുതൽ വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 11 | വി സി കുമാരൻ 107090201472 | 17-12-2019 വാർധക്യ പെൻഷൻ | 4/2022 വരെ തുക ഗുണഭോക്താവിൻറെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലുംആക്ടീവ് ആയി തുടരുന്നു. |

| | | | | |
|---|---|---|---|---|
| 12 | കാർത്യായനി മാധവൻ 101950200481 | 18-11-2019 വാർധക്യ പെൻഷൻ | 8/2019 മുതൽ വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 13 | സെയ്ത് മഹമ്മദ് 107040201008 | 19-2-2019 വാർധക്യ പെൻഷൻ | 8/2019 മുതൽ വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 14 | പി എം ജോസഫ് 101950200550 | 29-7-2019 വാർധക്യ പെൻഷൻ | 8/2019 മുതൽ വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 15 | സൈനബ കരീം 101950601142 | 1-8-209 വിധവ പെൻഷൻ | 8/2019 മുതൽ വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 16 | സുഹറ 101950600228 | 9-8-2019 വിധവ പെൻഷൻ | 8/2019 മുതൽ വിതരണം തടഞ്ഞ് വച്ചിരിക്കുന്നു | നിലവിലും ആക്ടീവ് ആയി തുടരുന്നു. |

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിൻെറ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുന്നു.(ക്രമ നം 1, 2, 7, 8, 11 എന്നിവർക്ക് ഇത്തരത്തിൽ അധിക തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ക്രമ നം 11 ന് നിലവിലും ബാങ്ക് അക്കൌണ്ടിൽ പെൻഷൻ തുക നിക്ഷേപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.) കൂടാതെ മരണപ്പെട്ടിട്ടും ആക്ടീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും അക്കൗണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത്. പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള ഫയൽ പരിശോധിച്ചതിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി ബന്ധുക്കൾ നൽകുന്ന അപേക്ഷ പ്രകാരം മാത്രമാണ് നടപടി സ്വീകരിക്കുന്നത്. നഗരസഭയിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളെ ആസ്പദമാക്കി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതാണ് എങ്കിലും ഇത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

4. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 22-4-22 ലെ ഓഡിറ്റ് എൻക്വയറി നം. 1ന് മറുപടി ലഭ്യമാക്കിയതിൽ ക്രമ നം 1, 2, 3, 4, 5, 6, 8, 11, 13 എന്നിവർ മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് പെൻഷൻ വാങ്ങുന്നവരാണ് എന്നറിയിച്ചിട്ടുണ്ട്. ഈ പെൻഷണർമാരുടെ മരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി വിവരം അറിയിക്കേണ്ടതാണ്. ക്രമ നം 7 ന് അധികമായി നൽകിയ 3600/- രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചതു പ്രകാരം തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ക്രമ നം 7, അധിക തുക കൈപറ്റിയിട്ടില്ല എങ്കിലും ആക്ടീവായി തുടരുന്നു. ക്രമ നം 9, 10, 12, 4, 5, 16 എന്നിവരുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്തതായും അറിയിച്ചിട്ടുണ്ട്. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. നഗരസഭയിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി നഗരസഭയിലെ മുഴുവൻ സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

5. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6. മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന അവസരത്തിൽ അധികമായി ബാങ്കിന്

കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

7. ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും നഗരസഭ കൗൺസിലിന്റെയും അടിയന്തിരമായ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 തെരുവ് വിളക്കുകൾക്ക് ആവശ്യമായ ട്യൂബ്സെറ്റുകൾ വാങ്ങി സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0258/19-20 (S0058/18-19), ട്യൂബ് സെറ്റ് വാങ്ങൽ |
| പദ്ധതി അടങ്കൽ | 5,00,000/- |
| ചെലവു വിവരം | ബിൽ നം 3609/30.12.19രൂപ 4,99,500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ. വിനോദ്കുമാർ.ടി.പി. |

നഗരസഭയിലെ തെരുവ് വിളക്കുകൾക്ക് ആവശ്യമായ ട്യൂബ്സെറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 2018-19 ൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും 2019-20 ലാണ് തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ച് വിനോദ് കുമാർ.ടി.പി എന്ന കരാറുകാരൻ മുഖേന ട്യൂബ് സെറ്റുകൾ വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. അപാകതൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും ( നം.13/27.04.2022 ) മറുപടി ലഭ്യമാക്കിയില്ല.

1. 2018-19 വർഷത്തിൽ ട്യൂബ് സെറ്റ് വാങ്ങൽ പദ്ധതിക്കായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നതായി കണ്ടു (58/18-19-4,99,500/- രൂപ & 232/18-19-3, 71,740/-രൂപ). PW1-1010/16 തീയതി 28.08.2018 നം ടെണ്ടർ നോട്ടീസ് പ്രകാരം പ്രത്യേകം ടെണ്ടറുകൾ ക്ഷണിക്കുകയും ചെയ്തിരിക്കുന്നു. ടെണ്ടർ ഷെഡ്യൂൾ വിതരണം ചെയ്യുന്നതിനും, ടെണ്ടർ സ്വീകരിക്കുന്നതിനും, ടെണ്ടർ തുറക്കുന്നതിനും 04.09.2018 എന്ന ഒരേ തീയതിയാണ് ടെണ്ടർ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്. ഒരേ ആവശ്യത്തിന് പ്രത്യേകം പദ്ധതി രൂപീകരിച്ചതും, വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിച്ചതും ശരിയായ നടപടിയല്ല. കൂടാതെ ടെണ്ടർ നടപടികൾക്ക് നിയമാനുസൃത സമയക്രമം നൽകാതിരുന്നതും ശരിയല്ല.

2. ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാനൽ തയ്യാറാക്കിയ, 36 W ട്യൂബ് സെറ്റ് വാങ്ങി, സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ചെലവുൾപ്പെടെ ഒരെണ്ണത്തിന് 1850/- രൂപ എന്ന നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടറുകൾ ക്ഷണിച്ചിട്ടുള്ളത്. ഫിറ്റിംഗ് ചാർജ്ജ് അടക്കം ഒരു ട്യൂബ് സെറ്റിന് 1850/- രൂപ എന്ന നിരക്ക് ഏത് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് കണ്ടെത്തിയതെന്ന് വ്യക്തമല്ല. 2017-18 ൽ ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ നടത്തിയ വാങ്ങലിൽ ( പ്രോജക്റ്റ് നം 108/17-18) 1356/- രൂപ മാത്രമായിരുന്നു ഒരു ട്യൂബ്സെറ്റ് സ്ഥാപിച്ചതിനുള്ള ചെലവ്.

3. രണ്ട് പദ്ധതികൾ പ്രകാരമുള്ള ടെണ്ടറുകളിലും പങ്കെടുത്തിട്ടുള്ളത് ഒരേ ആളുകൾ തന്നെയാണ്. ലഭിച്ച രണ്ട് ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (എസ്റ്റിമേറ്റ് നിരക്ക്) കരാറുകാരനായ ശ്രീ ജെയ്സൻ കര്യാക്കോസ് കരാറിലേർപ്പെടുന്നതിനു മുമ്പ് മരണപ്പെട്ടതിനാൽ രണ്ടാമത്തെ കരാറുകാരനായ ശ്രീ. വിനോദ് കുമാർ.ടി.പി യുമായി നെഗോഷ്യേറ്റ് ചെയ്ത് കരാറിലേർപ്പെട്ട് എസ്റ്റിമേറ്റ് നിരക്കിൽ തന്നെ രണ്ട് പ്രവൃത്തികളും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

4. SO232/18-19 നം പ്രോജക്റ്റ് പ്രകാരം വാങ്ങിയ 200 ട്യൂബ്സെറ്റുകൾ 14.02.2019 ൽ സ്റ്റോക്കിലെടുക്കുകയും, വിവിധ തീയതികളിലായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള ചെലവുതുകയായ 3,70,000/- രൂപ 2018-19 ൽ തന്നെ ചെലവഴിച്ചിട്ടുള്ളതാണ്. SO58/18-19നം പ്രോജക്റ്റിന്റെ ചെലവ് നടന്നിരിക്കുന്നത് 2019-20 വർഷത്തിലാണ്. പദ്ധതി പ്രകാരം വാങ്ങിയ 270 ട്യൂബ്സെറ്റുകൾ 27.06.2019 ൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും മുൻബാക്കിയുണ്ടായിരുന്ന 8 എണ്ണം ഉൾപ്പെടെ വിവിധ തീയതികളിലായി വിതരണം ചെയ്ത് 28 വാർഡുകളിലായി സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽപ്രകാരം വാങ്ങിയ

ട്യൂബ്സെറ്റുകൾ പുതിയ പോസ്റ്റുകളിലാണോ അഥവാ പഴയത് മാറ്റി സ്ഥാപിച്ചതാണോ എന്നതിൽ വ്യക്തതയില്ല. 270ട്യൂബ് സെറ്റ് സ്ഥാപിച്ച വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി (MB No 58/18-19) അംഗീകരിച്ച നിരക്ക് പ്രകാരമുള്ള ആകെ തുകയായ 4,99,500/- രൂപയിൽ നിന്നും ആദായനികുതി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി എന്നിവ കുറവ് ചെയ്താണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ സാമ്പിൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടെങ്കിലും, വാങ്ങൽ ഗണത്തിൽ പെടുത്താവുന്ന ഈ പദ്ധതിയുടെ ഭാഗമായി വാങ്ങിയ സാധനത്തിന്റെ ബില്ല് ഹാജരാക്കാത്തത് അപാകതയാണ്.. മരാമത്ത് പ്രവൃത്തിയുടെ രീതിയിൽ ഈ പ്രവൃത്തി നിർവ്വഹിച്ചതും ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

5.നഗരസഭയിൽ ആ വർഷം നടപ്പാക്കിയ കൗൺസിൽഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തിക്കും ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാനൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് വാങ്ങൽ നടത്തിയത്. വാങ്ങിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഓഡിയോ സിസ്റ്റത്തിന് മാർക്കറ്റ് നിരക്കിനേക്കാൾ ഉയർന്ന നിരക്കാണ് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാനൽ തയ്യാറാക്കിയ എസ്റ്റിമേറ്റിലെ നിരക്ക്. ഇപ്രകാരം യഥാർത്ഥ വിലയേക്കാൾ കൂടുതൽ രേഖപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, എസ്റ്റിമേറ്റ് നിരക്കിൽതന്നെ പ്രവൃത്തി നടപ്പാക്കുകയും ചെയ്യുന്നതിലൂടെ കരാറുകാർക്ക് അമിതമായ ലാഭത്തിനാണ് വഴിയൊരുക്കുന്നത് (ഖണ്ഡിക 1-25 കൂടി കാണുക).

മേൽ അപാകതകളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 കെ. യു. ആർ. ഡി. എഫ്. സി. വായ്പ- വായ്പ തീർത്തിട്ടും രേഖകൾ ലഭ്യമായിട്ടില്ല

മൂവാറ്റുപുഴ നഗരസഭ വിവിധ പദ്ധതികളുടെ നടത്തിപ്പിലേക്കായി കേരള അർബൻ & റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ (കെ.യു.ആർ.ഡി.എഫ്.സി) നിന്നും 1999മുതൽ 2001 വരെ വർഷങ്ങളിലായി ആകെ 3,07,59,500/- രൂപ വായ്പ എടുത്തിരുന്നു. ഈ വായ്പയുടെമുതലും പലിശയുമുൾപ്പെടെ 31.03.2011 വരെ 4,35,42,928/-രൂപ നഗരസഭ തിരിച്ചടച്ചിരുന്നു.പിന്നീട് വായ്പാതുക സമയബന്ധിതമായി അടയ്ക്കാതിരുന്നതിനാൽ റവന്യൂ റിക്കവറി നടപടികൾ നേരിടേണ്ടി വന്ന സാഹചര്യത്തിൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ 24.10.2011 ലെ 7680/RR/2011/M(Rev) നമ്പർ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്ക് 5 മാസത്തേക്ക് സ്റ്റേ അനുവദിക്കുകയും വായ്പാ കുടിശിക 60 തുല്യ ഗഡുക്കളായി അടച്ച് തീർക്കുന്നതിനും ആദ്യ ഗഡു 5 മാസത്തിനുള്ളിൽ അടയ്ക്കുന്നതിനും സർക്കാർ ഉത്തരവായിരുന്നു. നഗരസഭയുടെ കണക്ക് പ്രകാരം 01.03.2012 ൽ 3,04,05,738/- രൂപയാണ് വായ്പയിൽ ഒടുക്കാനുണ്ടായിരുന്നത്. സർക്കാർ ഉത്തരവനുസരിച്ച് 01.03.2012 തീയതി മുതൽ 29.09.2016 വരെ മാസം 5,30,000/- രൂപ വീതം 54 ഗഡുക്കളായി 2,86,20,000 രൂപയും പ്ലാൻ ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത 46,00,000 രൂപയുമടക്കം ആകെ 3,32,20,000/- രൂപ നഗരസഭ വായ്പ തിരിച്ചടച്ചിരുന്നു. റിക്കവറി നോട്ടീസ് പ്രകാരമുള്ള 3,04,05,738/- രൂപയുടെ വായ്പ ബാധ്യതയിൽ 28,14,262/-രൂപ അധികമാണ് നഗരസഭ ഒടുക്കിയിട്ടുള്ളത്. റവന്യൂ റിക്കവറി ഉത്തരവ് പ്രകാരമുള്ള മുഴുവൻ തുകയും നഗരസഭ ഒടുക്കിയെങ്കിലും നൽകിയ തുക വായ്പാ കുടിശ്ശികയുടെ ഗഡുക്കളായി വരവ് വയ്ക്കാതെ പലിശയിലേക്ക് വരവ് വച്ചതായാണ് കെ യു ആർ ഡി എഫ് സി അറിയിച്ചത്. റിക്കവറി ഉത്തരവ് പ്രകാരമുള്ള ബാധ്യത മുഴുവൻ തീർത്തതായും അധികമായി 28,14,262/-രൂപ നൽകിയതായും നേരിട്ടും കത്തുമുഖേനെയും കെ യു ആർ ഡി എഫ് സി യെ അറിയിച്ചെങ്കിലും വായ്പ ബാധ്യത ഒഴിവാക്കിയോ നഗരസഭ അടച്ച തുകകൾ ക്രമീകരിച്ചോ സ്ഥാപനം അറിയിപ്പൊന്നും ഇതുവരെ നൽകിയിട്ടില്ല. നഗരസഭയുടെ കണക്ക് പ്രകാരം വായ്പാതുക അടച്ച് തീർന്നെങ്കിലും ഇക്കാര്യത്തിൽ രേഖാമൂലമുള്ള സ്ഥിരീകരണം ലഭിക്കാത്തതിനാൽ വായ്പാകുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ ബാധ്യതയായി നിലനിർത്തിവരുന്നുണ്ട്. 31/03/2020 ൽ 2,64,76,370 രൂപയാണ് ഈയിനത്തിൽ ബാധ്യത കാണിച്ചിട്ടുള്ളത്. നഗരസഭയുടെ കണക്കുകൾ പ്രകാരം വായ്പതുക പൂർണ്ണമായും ഒടുക്കിയ സാഹചര്യത്തിൽ വായ്പ തുക ക്രമീകരിച്ച് ലഭിക്കുന്നതിലും അധിക തുക തിരികെ ഈടാക്കുന്നതിലും വായ്പാ രേഖകൾ തിരികെ ലഭ്യമാക്കുന്നതിലും കാര്യക്ഷമവും സമയബന്ധിതവുമായ നടപടികൾ നിലവിൽ നടക്കുന്നില്ല. 24/12/2018 ൽ കെ.യു.ആർ.ഡി.എഫ്.സി ഓഫീസിൽ നടന്ന ചർച്ചകളുടെ തുടർനടപടിയൊന്നും കെ.യു.അർ.ഡി.എഫ്.സി ഇതുവരെ സ്വീകരിച്ചിട്ടില്ല. നഗരസഭ 11.12.2019 ലാണ് (കത്ത് നം.എ1/4028/99 തിയതി-11/12/2019) ഇക്കാര്യത്തിൽ വായ്പാസ്ഥാപനവുമായി അവസാന കത്തിടപാട്

നടത്തിയിട്ടുള്ളത്. കഴിഞ്ഞ രണ്ടര വർഷത്തോളമായി ഈ വിഷയത്തിൽ നഗരസഭ നടപടികൾ ഒന്നും സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തലുകളില്ല.നഗരസഭയുടെ വാർഷിക കണക്കിൽ 2.65 കോടി രൂപ ബാധ്യത കണക്കാക്കിയിട്ടുള്ള ബാധ്യത ഒഴിവാക്കുന്നതിനും നഗരസഭ നൽകിയ വായ്പാരേഖകളും അധികതുകയും തിരികെ ഈടാക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വന്നിട്ടുള്ള കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കുവാൻ എൻക്വയറി (No-15 Dtd 28.04.2022) നൽകിയെങ്കിലും മറുപടി നൽകിയില്ല.ഇക്കാര്യം നഗരസഭ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയിൽ കൊണ്ടുവന്ന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 മാലിന്യ സംസ്കരണം-യൂസർ ഫീ കൈകാര്യം ചെയ്തതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | S0126/20 |
| പ്രോജക്റ്റിന്റെ പേര് | ശുചിത്വം മാലിന്യ സംസ്കരണം - വയബിലിറ്റി ഗ്യാപ്പ് ഫണ്ട് |
| അടങ്കൽ | 840000/-(350280/-ധനകാര്യ കമ്മീഷൻ അവാർഡ്,<br>294000/- കേന്ദ്രാവിഷ്കൃത ഫണ്ട്, 195720/- സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 120262/- |
| ബിൽ നമ്പർ, തീയതി, തുക | 12/19-20 തീയതി 31.12.2019 തുക 98767/-<br>17/19-20 തീയതി 15.01.2020 തുക 21495/- |

നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രൊജക്റ്റ് ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ ചെലവിലേക്കായി 120262/- രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭയുടെ മാലിന്യ സംസ്കരണ പദ്ധതി കരാർ പ്രകാരം ഹരിത സഹായസ്ഥാപനമായ നോർതാംപ്സ് ഇ എൻ വി സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി ചേർന്നാണ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളത്. നഗരസഭയിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട (പി എച്ച് 2-14573/18 നമ്പർ) ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന പോരായ്മകൾ കാണുന്നു.

1.സ.ഉ(സാധാ)നം.2420/2017 തസ്വഭവ തീയതി 09.02.2018 ലെ വ്യവസ്ഥകളനുസരിച്ച് മാലിന്യം ശേഖരിക്കുന്നതിന് യൂസർ ഫീ ഈടാക്കി വരുന്നുണ്ട്. 2019-20 ൽ 1 മുതൽ 108 വരെ ക്രമനമ്പറുള്ള രസീത് ബുക്കുകളും 2020-21 ൽ 109 മുതൽ 218 വരെ നമ്പറില്ലുള്ള ബുക്കുകളും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ,എന്നിവ ഓഡിറ്റിന് ലഭ്യമായിട്ടില്ല. കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഓഡിറ്റ് അവസാനിക്കുന്ന ദിവസമാണ് ഹരിത സഹായസ്ഥാപനമായ നോർതാംപ്സ് ഇ എൻ വി സൊല്യൂഷൻസ് എന്ന സ്ഥാപനം സൂക്ഷിച്ചിരുന്ന ക്യാഷ് ബുക്ക് ലഭ്യമായത്.

2. ഫയലിൽ രസീത് കളക്ഷൻ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ 2019-20 വർഷത്തിൽ 1 മുതൽ 21000 വരെയുള്ള രസീതുകൾ പ്രകാരം 4080810/- രൂപ യൂസർ ഫീ ഇനത്തിൽ ലഭിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വരവ്-ചെലവ് സ്റ്റേറ്റ്മെന്റിൽ യൂസർ ഫീയിനത്തിലെ വരവ് 4062860/- എന്നാണ് ചേർത്തിട്ടുള്ളത് (വ്യത്യാസം 17950/-രൂപ). ബാങ്ക് പാസ്ബുക്കിൽ 2019-20 വർഷം ഒടുക്കിയ തുക ആകെ 1005152/- രൂപ മാത്രമാണ് (വ്യത്യാസം 4080810 -1005152 = 3075658).

3. ഫയൽ പ്രകാരം 2019-20 വർഷം താഴെപ്പറയുന്ന തുകകൾ യൂസർ ഫീ, മറ്റ് വരവുകൾ എന്നിങ്ങനെ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| മാസം | തുക |
|---|---:|
| 2019 ജൂലൈ | 42589 |
| 2019 ആഗസ്റ്റ് | 577290 |
| 2019 സെപ്റ്റംബർ | 530588 |
| 2019 ഒക്ടോബർ | 613484 |
| 2019 നവംബർ | 596051 |
| 2019 ഡിസംബർ | 600690 |
| 2020 ജനവരി | 603260 |

| | |
|---|---|
| 2020 ഫെബ്രുവരി | 545667 |
| 2020 മാർച്ച് | 459723 |
| ആകെ | 4569342 |

എന്നാൽ ഈ വരവിന്റെ കൃത്യത, ബാങ്കിൽ ഒടുക്കിയതിന്റെ വിവരം എന്നിവ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4. 01.07.2019 മുതലുള്ള വരവ്-ചെലവുകളുടെ ഒരു സ്റ്റേറ്റ്മെന്റ് ഫയലിൽ ചേർത്തിട്ടുണ്ട്. ആയത് പ്രകാരം 56600/- രൂപ ബാങ്ക് നീക്കിയിരിപ്പും കൈയ്യിരിപ്പ് പണമായി 25533/- രൂപയും ഉൾപ്പെടെ 82133/- രൂപയാണ് 2021 ജൂൺ മാസം വരെയുള്ള ആകെ നീക്കിയിരിപ്പ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 30.06.2021 ലെ നീക്കിയിരിപ്പ് 250930/- രൂപയാണ്. ഈ വ്യത്യാസം വിശദീകരിച്ചില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23.04.2022 ലെ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 4569342/- രൂപ കളക്ഷൻ വരികയും ഇതിൽ 3075658/- രൂപ ബാങ്കിൽ അടവാക്കാതെ ചെലവഴിക്കുകയും ചെയ്തത് മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. വരവുചെലവുകളുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ രജിസ്റ്ററുകളുടെയും അനുബന്ധ രേഖകളുടെയും അഭാവത്തിൽ ലഭ്യമായ സമയം പരിമിതമായതിനാൽ വിഷയത്തിൽ വിശദമായ അന്വേഷണത്തിനുള്ള നിർദ്ദേശം നൽകുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 തെരുവ് വിളക്ക് മെയിന്റനൻസ്- നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0056/19-20 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| സാങ്കേതികാനുമതി , അടങ്കൽ | 441/ELE/EE/LSGD/18-19 Dt D06.03.2019, Rs .4,00,000/- |
| കരാറുകാരൻ, നിരക്ക് | ശ്രീ.കെ.വി സ്കറിയ, എസ്റ്റിമേറ്റ് നിരക്ക് |
| കരാർ നം | 6/ A.E/19-20 Dtd 04.09.2019 |
| ചെലവു വിവരം | 3,99,534/- ബിൽ നം 126/11.10.19 |

2019-20 വർഷത്തെ ആദ്യ ക്വാർട്ടറിലെ ( ഏപ്രിൽ-ജൂൺ) തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് തുക നല്കുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ചോദിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം.12/27.04.2022 ) മറുപടി ഹാജരാക്കിയില്ല.

1. 2019 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള തെരുവ് വിളക്ക് മെയിന്റനൻസിന് ടെണ്ടർ ക്ഷണിച്ചതായി കാണുന്നത് 2019 ആഗസ്റ്റ് മാസത്തിലാണ്. ലഭിച്ച ടെണ്ടറുകൾ 06.08.2019 ൽ തുറന്ന് പരിശോധിക്കുകയും, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ( എസ്റ്റിമേറ്റ് നിരക്ക്) ശ്രീ. സ്കറിയ കെ.വി. യുമായി 04.09.2019 ൽ കരാറിലേർപ്പെട്ടതായും, അന്നുതന്നെ സൈറ്റ് കൈമാറുകയും ചെയ്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വർക്ക് കംപ്ലീഷൻ റിപ്പോർട്ടിൽ 05.04.2019 ൽ പ്രവൃത്തി തുടങ്ങിയതായും, 29/06.2019 ൽ പൂർത്തീകരിച്ചതായും പറയുന്നു. വർക്ക് പൂർത്തീകരണത്തിന് ശേഷം ടെണ്ടർ നടപടികൾ തുടങ്ങിയത് എന്തടിസ്ഥാനത്തിലാണെന്നതിൽ വ്യക്തതയില്ല.

2. ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാനൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ സാങ്കേതികാനുമതി ലഭിച്ചതിനും ശേഷമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. 2019-20 വർഷത്തെ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് താഴെ കാണും വിധമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ക്രമ നം | തെരുവ് വിളക്കുകളുടെ എണ്ണം | സ്പെസിഫിക്കേഷൻ | നിരക്ക് | യൂണിറ്റ് | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 655 | Dismantling One Set Of 2 X40 W Tube Fitting From The Posts And Refitting The Same In Position After Repairs Including Giving Connections | 501 | E | 328155 |
| 2 | 46 | Dismantling SV/MV Metal Halide Lamp Fitting Repairing And Refitting The Same In Position Including Giving Connections | 782 | E | 35972 |
| 3 | 65 | Dismantling The Ordinary Street Light /CFL/LED Fitting From The Posts And Refitting The Same In Position After Repairs Including Giving Connections | 313 | E | 20345 |
| | | | Total | | 384472 |

| | |
|---|---|
| Part II Remuneration As Per (G.O Np 2878/2015/LSGD Dtd 22/09/2015 | |
| Fees For Preparation Of Estmate, Supervision, Measurment,and Preparation Of Bill ( 3% Of Estimate Amount) | 11534.16 |
| Fees For Check Measurment Of Work ( 1% Of Estimate Amount) | 3844.72 |
| Unforeseen Items | 149.12 |
| Total | 4,00,000 |

പരാതിയുടെ അടിസ്ഥാനത്തിൽ മാത്രം ചെയ്യേണ്ട തെരുവ് വിളക്ക് മെയിന്റനൻസ് പോലുള്ള പ്രവൃത്തിക്ക് ഭാവിയിൽ കേടായേക്കാവുന്ന ലൈറ്റുകളുടെ എണ്ണം മുൻകൂട്ടി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിലും, ഏത് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് റേറ്റ് എടുത്തിരിക്കുന്നുവെന്നതിലും വ്യക്തതയില്ല. ലൈറ്റുകൾ നന്നാക്കുന്നതിനുള്ള റേറ്റിൽ സ്പെയർപാർട്സുകളുടെ വില ഉൾപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കിയിട്ടില്ല.

3. ടെണ്ടർ വ്യവസ്ഥ പ്രകാരം കരാർ കാലാവധിക്കുള്ളിൽ കേടാകുന്ന ലൈറ്റുകളുടെ സ്പെയർപാർട്സുകൾ കരാറുകാരൻ തന്നെ മാറ്റേണ്ടതാണ്. എന്നാൽ നഗരസഭയുടെ ഇലക്ട്രിക്കൽ മെറ്റീരിയൽസ് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ഈ കാലയളവിൽ സാധനങ്ങൾ ഇഷ്യൂ ചെയ്തതായി കാണുന്നുണ്ട്. ഇതിൽ നിന്നും അറ്റകുറ്റപ്പണിക്ക് ആവശ്യമായ മെറ്റീരിയൽസ് നഗരസഭയിൽ നിന്നും കരാറുകാരന് നൽകിയിട്ടുള്ളതായി കാണാം. എന്നാൽ എസ്റ്റിമേറ്റിൽ മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ലാത്തതിനാൽ കരാറുകാരന് അധികനിരക്ക് നൽകിയിട്ടുണ്ടോയെന്ന് ഉറപ്പിക്കാനായിട്ടില്ല. ഇക്കാര്യം പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

4. 2019-20 വർഷത്തെ ആദ്യ ക്വാർട്ടറിലെ ( ഏപ്രിൽ-ജൂൺ) തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് തുക നല്കുകയാണ് മേൽ പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. തെരുവ് വിളക്ക് മെയിന്റനൻസിനായി മറ്റ് രണ്ട് പ്രോജക്റ്റുകളും ആ വർഷം രൂപീകരിച്ചിട്ടുണ്ട് ( S042/20-അടങ്കൽ 10,00,000/- & S0257/20-അടങ്കൽ 6,47,062/-). എന്നാൽ തുക ചെലവഴിച്ചിട്ടില്ല. തുടർന്നുള്ള മാസങ്ങളിൽ അറ്റകുറ്റപ്പണി നടത്തിയതിന്റേയും തുക നൽകിയതിന്റേയും വിവരം ലഭ്യമാക്കേണ്ടതാണ്. ഒരേ ആവശ്യത്തിനായി പ്രത്യേകം പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതിന്റെ സാംഗത്യം വിശദീകരിക്കേണ്ടതാണ്.

5. നന്നാക്കിയ തെരുവ് വിളക്കുകളുടെ എണ്ണം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി (MB No 58/18-19) അംഗീകരിച്ച നിരക്ക് പ്രകാരമുള്ള തുകയിൽ നിന്നും ആദായനികുതി, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി എന്നിവ കുറവ് ചെയ്താണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് തുടങ്ങിയവക്കായി ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാനൽ എഞ്ചിനീയർക്കാർക്കായി ആകെ എസ്റ്റിമേറ്റ് തുകയുടെ 4%

തുകയായ 15,378/-രൂപയും ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കലിനും, മേൽനോട്ടത്തിനുമായി ഉണ്ടാക്കിയിട്ടുള്ള എഞ്ചിനീയർമാരുടെ പാനലിനെക്കൊണ്ട് തെരുവ് വിളക്ക് മെയിന്റനൻസ് പോലുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിച്ചതും, അവർക്ക് റെമ്യൂണറേഷൻ നൽകിയതും അധികച്ചെലവിന് കാരണമായിട്ടുണ്ട്.

6. 27.10.18 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പുതുക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

| ഇനം | എണ്ണം |
|---|---|
| ട്യൂബ് | 1598 |
| CFL | 729 |
| LED | 100 |
| MV/SV ലാമ്പ് | 362 |
| ആകെ | 2789 |

തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം ഉൾപ്പെടുത്തിയുണ്ടാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയെങ്കിലും, അതിൽ ഇലക്ട്രിക് പോസ്റ്റിന്റെ നമ്പർ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഏതിനം ലൈറ്റുകളാണ് ഓരോ പോസ്റ്റിലും ഉപയോഗിക്കുന്നത് എന്നത് രേഖപ്പെടുത്താത്തതിനാൽ തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമായിട്ടില്ല. പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആകെ തെരുവ് വിളക്കുകളുടെ എണ്ണം 15.11.2021 ലെ കണക്കനുസരിച്ച് 3368 ആണ്. തെരുവ് വിളക്കുകളുടെ ഇനം കൂടി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

7. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണം എന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. തെരുവ് വിളക്ക് പരാതി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ മേൽ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്നതിൽ വ്യക്തതയില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് നഗരസഭകളുടെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. ആവർത്തന ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ അനുബന്ധരേഖകളോ ഇല്ലാതെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ കൃത്യമായ മേൽനോട്ടം ഇല്ലാതെ പദ്ധതി നടപ്പാക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഈ വിഷയത്തിൽ പൊതുമരാമത്ത്, ധനകാര്യ, വികസന സ്റ്റാന്റിങ്ങ് കമ്മറ്റികളുടെയും, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ദേശീയ നഗര ഉപജീവന മിഷൻ- ലിങ്കേജ് ലോൺ സബ്സിഡി- സർക്കാരിന് അധിക ബാധ്യത വരാനിടയാകുന്നു

ദേശീയ നഗര ഉപജീവന മിഷന്റെ (NULM) സ്വയംതൊഴിൽ ഘടക പദ്ധതി പ്രകാരം നഗരസഭകൾ വഴി നഗര ദാരിദ്രർക്ക് തങ്ങളുടെ താൽപര്യങ്ങൾക്കും അഭിരുചിക്കും അനുയോജ്യമായ രീതിയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ/ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നൽകുന്നതിനും ധനസഹായം ലഭ്യമാക്കുന്നതിനും ടി പ്രവർത്തനങ്ങളിലൂടെ നഗര ദാരിദ്രരെ സ്വയം പര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്വയം സഹായ സംഘങ്ങളെ ബാങ്കുകളുമായി ബന്ധിപ്പിക്കുകയും അവർക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ തുറന്ന് നൽകുകയും അതുവഴി നിക്ഷേപ ബന്ധിത വായ്പകൾ എടുക്കുന്നതിന് സ്വയം സഹായ സംഘങ്ങളെ പ്രേരിപ്പിക്കുന്നതും എൻ.യു.എൽ.എം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. നഗരങ്ങളിലെ പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി എസ്.എച്ച്.ജി/അയൽക്കൂട്ടങ്ങളുടെ വായ്പകളുടെ പലിശയാണ് സബ്സിഡി ആയി ദേശീയ നഗര ഉപജീവന മിഷൻ നൽകുന്നത്. ബാങ്കുകളിൽ അതാത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് അയൽക്കൂട്ടങ്ങൾക്ക് സബ്സിഡിയായി നൽകുന്നത്. 2019-20 കാലയളവിൽ മൂവാറ്റുപുഴ നഗരസഭയിലെ ഏതാനും കുടുംബശ്രീ യൂണിറ്റുകൾക്ക് അനുവദിച്ച വായ്പയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കുടുംബശ്രീ യൂണിറ്റിന്റെ പേര് | ബാങ്കിന്റെ വിവരം | വായ്പ തുക/വായ്പ തീയതി | പലിശ നിരക്ക് |
|---|---|---|---|---|
| 1 | മഹാലക്ഷ്മി, വാർഡ് 8 | ബാങ്ക് ഓഫ് ഇൻഡ്യ | 1,00,000/23.05.2019 | 11.2 % |
| 2 | ആരാധന, വാർഡ് 28 | ICICI Bank | 4,99,000/ 26.03.2019 | 12.5 % |
| 3 | മാതൃക, വാർഡ് 24 | ബാങ്ക് ഓഫ് ഇൻഡ്യ | 1,50,000/-30.12.2019 | 10.95 % |
| 4 | അമൃത, വാർഡ് 1 | ബാങ്ക് ഓഫ് ഇൻഡ്യ | 1,00,000/-10.05.2019 | 11.2 % |

ശരാശരി 9.5% പലിശക്കാണ് തൻവർഷം കുടുംബശ്രീ യൂണിറ്റുകൾ ലോണെടുത്തിട്ടുള്ളത്. എന്നാൽ മേൽപ്പറഞ്ഞ യൂണിറ്റുകൾ ഉയർന്ന പലിശ നിരക്കിലുള്ള ലോണെടുത്തിരിക്കുന്നു. ഇങ്ങനെ വരുമ്പോൾ സർക്കാരിന് സബ്സിഡി ബാധ്യത വർദ്ധിക്കുന്നതുകൊണ്ട് കുറഞ്ഞ പലിശ നിരക്കിൽ ലോൺ ലഭിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കാൻ അയൽക്കൂട്ടങ്ങളെ സജ്ജരാക്കേണ്ടതാണ്. ബാങ്കുകളുമായി നെഗോഷ്യേറ്റ് ചെയ്ത് വായ്പകളുടെ പലിശ കുറയ്ക്കുന്നതിനും ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും നഗരസഭാ അധികാരികളുടെ ഭാഗത്തു നിന്നും ഇടപെടലുകളുണ്ടാകേണ്ടതാണ്. ഇക്കാര്യത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 ദേശീയ വഴിയോര കച്ചവട നിയമം നടപ്പാക്കിയില്ല

തെരുവ് കച്ചവടക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തെരുവ് കച്ചവടം ക്രമപ്പെടുത്തുന്നതിനുമായി ദേശീയ വഴിയോര കച്ചവട നിയമം [ The Street Vendors (Protection Of Livelihood And Regulation Of Street Vending) Act 2014] നിലവിൽ വന്നിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കേണ്ടത് നഗരസഭകളുടെ ബാദ്ധ്യതയാണ്. മൂവാറ്റുപുഴ നഗരസഭയിൽ നാളിതുവരെ ഈ നിയമം നടപ്പിലാക്കിയിട്ടില്ല. തെരുവ് കച്ചവടക്കാരുടെ സർവ്വേ പൂർത്തീകരിച്ച് 142 പേരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, അതിൽ 115 കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഈ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

പ്രസ്തുത നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന കാര്യങ്ങൾ നടപ്പാക്കേണ്ടതുണ്ട്.

1)ദേശീയ വഴിയോര കച്ചവട നിയമം 2014, വകുപ്പ് 22 പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി രൂപീകരിക്കണം. മൂവാറ്റുപുഴ നഗരസഭയിൽ ടൗൺ വെന്റിങ്ങ് കമ്മറ്റി - വിജ്ഞാപനം ചെയ്തിട്ടില്ല.വെന്റിങ്ങ് കമ്മറ്റി രൂപീകരിച്ച് ചട്ടപ്രകാരം ലിസ്റ്റ് വിജ്ഞാപനം ചെയ്യേണ്ടതാണ്.

2)വകുപ്പ് 6 പ്രകാരം വഴിയോരക്കച്ചവടക്കാരെ തരംതിരിച്ച് വെന്റിങ്ങ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതാണ്. തെരുവ് കച്ചവടക്കാരുടെ സർവ്വേ പൂർത്തീകരിച്ച് കച്ചവടക്കാർക്കുള്ള തിരിച്ചറിയൽ കാർഡ്

വിതരണം പൂർത്തിയാക്കിയാക്കിയിട്ടില്ല.

3)Regulation Of Street Vending Scheme അനുസരിച്ച് നഗരസഭ പ്രദേശത്തെ Vending Zone, Restricted Vending Zone,No Vending Zone എന്നിങ്ങനെ തരംതിരിക്കേണ്ടതും,2016 ലെ Kerala Street Vendors ( Protection Of Livelihood, Regulation Of Street Vending ) Scheme അനുസരിച്ച് നഗരസഭ പ്രദേശത്തെ മേൽ പറഞ്ഞ സോണുകൾക്ക് അനുസൃതമായി വെന്റിങ്ങ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്. ഖണ്ഡിക 9 അനുസരിച്ച് തദ്ദേശഭരണ സ്ഥാപനം, കച്ചവടത്തിന്റെ തരം അനുസരിച്ച് വെന്റിങ്ങ് ഫീസ് നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തുകയും ഈടാക്കുകയും വേണം. എന്നാൽ ഇതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടില്ല. നഗരസഭ ടൗൺ വെന്റിങ്ങ് സോണിനായി ഉചിതമായ സ്ഥലം കണ്ടെത്തി റസ്ട്രിക്റ്റഡ് വെന്റിങ്ങ് സോൺ, നോ വെന്റിങ്ങ് സോൺ, വെന്റിങ്ങ് ഫീസ് എന്നിവ നിശ്ചയിക്കേണ്ടതാണ്. ദേശീയ നഗര ഉപജീവന മിഷൻ( NULM) നഗരസഭാ ഘടകമാണ് മേൽ പ്രതിപാദിച്ച പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. PM SVANidhi പദ്ധതി പ്രകാരം 75 തെരുവ് കച്ചവടക്കാരുടെ അപേക്ഷകൾ PM SVANidhi പോർട്ടൽ വഴി സമർപ്പിച്ചിട്ടുള്ളതും, അതിൽ 48 അപേക്ഷകൾ പാസ്സാക്കിയിട്ടുള്ളതുമാണെന്ന് അറിയിച്ചു. ദേശീയ വഴിയോര കച്ചവട നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-35 നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള ബിറ്റുമിൻ - തുടർ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

നഗരസഭയിൽ ഉപയോഗിക്കാതെ ശേഷിക്കുന്ന 24 ബാരൽ ബിറ്റുമിൻ ലേലം ചെയ്തു നൽകുന്നതിനായി 119280/- രൂപ മൂല്യം നിർണ്ണയം നടത്തിയത് 22.9.2017 ലെ 11 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് നൽകിയിരുന്നു. എന്നാൽ നാളിതു വരെ ലേലം നടത്തിയിട്ടില്ലാത്തതിനാൽ 26.9.2019 ലെ 6 നമ്പർ തീരുമാന പ്രകാരം പുനർ ലേലം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായി കാണുന്നു. ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കുവാനും, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/29.4.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളും ബിറ്റുമിന്റെ നിലവിലെ സ്ഥിതി വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 ടൗൺഹാൾ ചെയർ റിപ്പയറിംഗ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 287/19 |
| പ്രോജക്ടിന്റെ പേര് | : | ടൗൺഹാൾ ചെയർ റിപ്പയറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | സുപ്രീം ഏജൻസീസ് |
| ചെലവ് വിവരം | : | 499988/- |
| ബിൽ നം. | : | 40/23.10.2019 |

2018 ആഗസ്റ്റ് മാസത്തെ മഴക്കെടുതി മൂലം കെ.എം.ജോർജ്ജ് മെമ്മോറിയൽ ടൗൺഹാൾ വെള്ളത്തിൽ മുങ്ങുകയും കസേരകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനാൽ കസേരകൾ നന്നാക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ കസേരകൾക്ക് നന്നാക്കാൻ പറ്റാത്ത വിധത്തിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ കസേരകൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1) കസേരകൾ പുതുതായി വാങ്ങുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല.

2) 5 ലക്ഷം രൂപയുടെ പർച്ചേസിന് ഇടെണ്ടർ / ടെണ്ടർ നടപടി ക്രമങ്ങൾ പാലിക്കാതെ ക്വട്ടേഷൻ ക്ഷണിച്ചാണ് കസേരകൾ വാങ്ങിയിട്ടുള്ളത്.

3) കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (790/-) സുപ്രീം ഏജൻസീസിൽ നിന്നും 633 കസേരകൾ വാങ്ങിയ ഇനത്തിൽ 499988/- രൂപ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരം 2.5 ലക്ഷം രൂപയിലധികരിക്കുന്ന പ്രവൃത്തികളിൽ നിയമ പ്രകാരം ടി.ഡി.എസ് ഇനത്തിൽ കുറവ് ചെയ്യേണ്ട ജി.എസ്.ടി 2% തുക പ്രസ്തുത ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ടി.ഡി.എസ് ഇനത്തിൽ കുറവ് ചെയ്യേണ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

ബിൽ പ്രകാരമുള്ള കസേരയുടെ വില (ജി.എസ്.ടി ഒഴികെ) - 423718/-

ജി.എസ്.ടി (ടി.ഡി.എസ് ) 2% - 8474/- രൂപ

കരാറുകാരന് അധികമായി നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

4)കസേര വാങ്ങലുമായി ബന്ധപ്പെട്ട പർച്ചേസിംഗ് കമ്മിറ്റി മിനിട്ട്സ് / റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

5) നിലവിലുണ്ടായിരുന്ന കസേരകൾ ഡമ്പ് ചെയ്തു എന്ന മാത്രമാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എത്ര കസേരകളാണ് നശിച്ച പോയത് എന്ന് സംബന്ധിച്ച സാക്ഷ്യപത്രം ക്ഷമതയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/28.4.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ജി.എസ്.ടി ഇനത്തിൽ ഈടാക്കാൻ ശേഷിക്കുന്ന തുക ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതുമാണ്.

## 1-37 ഭിന്നശേഷി സ്കോളർഷിപ്പ്- മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാർക്ക് ആനുകൂല്യം നൽകുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0165/20 |
| അടങ്കൽ | 15,00,000/- (വികസന ഫണ്ട്- സാധാരണം) |
| ചെലവ് | 14,53,000/- |
| ബിൽ നമ്പർ, തീയതി, തുക | 1) 13/19-20 തീയതി 23.12.2019, തുക 4,35,000/-<br>2)14/19-20 തീയതി 28.12.2019 തുക 5,23,400/-<br>3) 18/19-20 തീയതി 21.01.2020 തുക 1,04,800/-<br>4)20/19-20 തീയതി 12.02.2020 തുക 3,32,800/-<br>5)25/19-20 തീയതി 19.03.2020 തുക 57,000/- |

ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പ്രകാരം ഇവർ മൂവാറ്റുപുഴ നഗരസഭയിലെ സ്ഥിരതാമസക്കാരല്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | റേഷൻ കാർഡ് നമ്പർ | റേഷൻ കാർഡിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | അമല ഷിബു,<br>D/o ഷിബു,<br>വള്ളാടിയിൽ | 1628027996 | കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് |
| 2 | സഫ പർവീൻ, D/o ഷിഹാബുദീൻ,<br>അലിൻഡ ക്വാർട്ടേഴ്സ്, കുണ്ടറ | 1207171298 | കുണ്ടറ ഗ്രാമപഞ്ചായത്ത് |
| 3 | എൽവിൻ പി മാക്സി, C/o മാക്സി പി ജോൺ,<br>പരിയാരത്ത് | 1738127667 | വെങ്ങോല ഗ്രാമപഞ്ചായത്ത് |
| 4 | വിഷ്ണുപ്രിയ വിനോദ്, D/o വിനോദ് സി എസ്,<br>ചേലപ്ലാക്കൽ ഹൗസ് | 1674028763 | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് |
| 5 | ചിപ്പി മരിയ രാജു, D/o രാജു മത്തായി,<br>കുഴിമറ്റത്തിൽ | 1740055634 | ആവോലി ഗ്രാമപഞ്ചായത്ത് |
| 6 | അനന്തു പ്രഭ, S/o പ്രഭ പി വേലായുധൻ,<br>പാലക്കാട്ട് പുത്തൻപുര | 1740013397 | ആവോലി ഗ്രാമപഞ്ചായത്ത് |
| 7 | മാഹിൻ അജിത്ത്, S/o അജിത്ത് പി ഇ,<br>പുഴക്കര ഹൗസ് | 1740080914 | പായിപ്ര ഗ്രാമപഞ്ചായത്ത് |
| 8 | ജെസ്വിൻ സിജോ, S/o സിജോ മാത്യു,<br>കൊച്ചാനിച്ചുവട്ടിൽ | 1740075914 | ആരക്കുഴ ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| 9 | ഗോപിക എസ്, D/o സുരേഷ്കുമാർ പി എസ്, ലക്ഷ്മിവിലാസം | 1674040006 | കൊന്നത്തടി ഗ്രാമപഞ്ചായത്ത് |
| 10 | കാർത്തിക് എസ്, S/o ബീന എൻ, സുരഭി | 1525061367 | വെള്ളൂർ ഗ്രാമപഞ്ചായത്ത് |
| 11 | എർലിൻ ടി ജോസഫ്, C/o ധന്യ തങ്കച്ചൻ, പതിക്കാട്ടിൽ ഹൗസ് | 1734109618 | മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |

മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ഥിരതാമസക്കാരായ വ്യക്തികൾക്ക് ഈ നഗരസഭയിൽ നിന്നും ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 22.04.2022 തീയതിയിലെ 30ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഈ വിദ്യാർത്ഥികൾ നഗരസഭാ കൗൺസിലിന്റെ 13.08.2019 ലെ 10ാം നമ്പർ തീരുമാനപ്രകാരമുള്ള ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന് അറിയിച്ചിട്ടുണ്ട്. ഇവർ രണ്ട് വർഷത്തിലധികമായി നഗരസഭാ പരിധിയിൽ വാടകയ്ക്ക് താമസിച്ചുവരുന്നവരാണെന്നും ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനാർത്ഥമാണ് ഇവർ ഇവിടെ താമസിക്കുന്നതെന്നും ഇവരുടെ സ്വന്തം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് അവിടുത്തെ ഐ സി ഡി എസ് സൂപ്പർവൈസറെ ഫോണിൽ ബന്ധപ്പെട്ട് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സാക്ഷ്യപത്രങ്ങളൊന്നും ഫയലിൽ ഇല്ല. സ്വന്തം തദ്ദേശ സ്ഥാപനത്തിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം വിതരണം ചെയ്യാവുന്നതാണെന്ന് സർക്കാർ ഉത്തരവ് ഇല്ലാത്ത നിലയ്ക്ക് നഗരസഭയിലെ വോട്ടർമാർ അല്ലാത്ത ഗുണഭോക്താക്കളെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതും ഈ തദ്ദേശ സ്ഥാപനത്തിലെ ആനുകൂല്യം ഇവിടുത്തെ സ്ഥിരതാമസക്കാർക്ക് അർഹതയ്ക്ക് വിധേയമായി അനുവദിക്കേണ്ടതുമാണ്.

## 1-38 ഐക്കരപ്പറമ്പ് കൊളുത്തിപ്പീടിക റോഡ് മെയിന്റനൻസ് -അപാകതകൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര്, പ്രൊ.നമ്പർ | ഐക്കരപ്പറമ്പ് കൊളുത്തിപ്പീടിക റോഡ് മെയിന്റനൻസ് വാർഡ് 11, എസ്.265/19 |
| അടങ്കൽ തുക | 4,50,000/- (MG-road) |
| കോൺട്രാക്ടറുടെ പേര് | എം.ഐ. നൗഷാദ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 153/AE/18-19 Dtd. 16.02.2019 |
| എഗ്രിമെന്റ് തുക | 4,49,966/- |
| എം- ബുക്ക് നമ്പർ | 265/18-19 |
| കോൺട്രാക്ടർക്ക് നല്കിയ തുക | 4,49,966/- (ബിൽ നം 59/08.07.2019) |

മൂവാറ്റുപുഴ നഗരസഭ വാർഡ് 11-ൽ കൊളത്താപ്പിള്ളി റോഡ്, ഭഗത് സിംഗ് റോഡ് എന്നിവിടങ്ങളിൽ 165 മീ, & 130 മീറ്റർ നീളത്തിൽ റോഡ് റീടാർ ചെയ്യുന്നതിനും, ഭഗത് സിംഗ് റോഡ് വീതി കൂട്ടുന്നതിനും, ഐക്കരപ്പറമ്പ് റോഡിൽ 50 മീറ്റർ നിളത്തിൽ ഇരുവശവും 1 മീ വീതിയിൽ ഐറിഷ് ഡ്രെയിൻ പണിയുന്നതിനും ആവിഷ്കരിച്ച പദ്ധതിയാണിത്. ഇ-ടെൻഡർ നടപടികളിലൂടെ ലഭിച്ച കുറഞ്ഞ നിരക്കായ 449965/- രൂപ ക്വോട്ട് ചെയ്ത ശ്രീ.എം.ഐ നൗഷാദ് എന്ന വ്യക്തിക്ക് 7 ദിവസത്തിനകം കരാറിലേർപ്പെടേണ്ടതാണെന്ന് കാണിച്ച് 15.102018-ൽ സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 16-02.2019 ൽ കരാർ വെച്ച് സൈററ് ഏറ്റെടുത്തു. പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1. 7 ദിവസത്തിനകം കരാറിലേർപ്പെടണം എന്ന സെലക്ഷൻ നോട്ടീസിലെ നിബന്ധന പാലിച്ചില്ല. വൈകി 16.02.2019 ൽ മാത്രമാണ് കരാറിലേപ്പെട്ടത്. വൈകി കരാറിലേർപ്പെട്ടതിനാൽ എഗ്രീഡ് പി.എ.സി. യുടെ 1% പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ പിഴ ഈടാക്കിയതായി കാണുന്നില്ല.

2. കൊളത്താപ്പിള്ളി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന വർക്ക് ചെയ്യാനുള്ളതിനാൽ ആ പ്രദേശത്ത് റീടാറിംഗ് ചെയ്യുന്നത് പൈപ്പിടലിനു ശേഷമാകുന്നതാണ് നല്ലതെന്ന് കേരള വാട്ടർ അതോറിറ്റി മൂവാറ്റുപുഴ പി.എച്ച് സബ്ഡിവിഷനിൽ നിന്നും അറിയിച്ചതിനെ തുടർന്ന് പ്രവൃത്തി സ്ഥലം മാറ്റാൻ 11-ാം വാർഡ് കൗൺസിലർ ആവശ്യപ്പെട്ടതനുസരിച്ച് ഐക്കരപ്പറമ്പ് റോഡിനിരുവശവും 1 മീ. വീതിയിൽ ഐറിഷ് ഡ്രെയിൻ ചെയ്യുക എന്നതു മാത്രമായി പ്രവൃത്തി ചുരുങ്ങി. 25/2/2019 ലെ വാർഡ് കൗൺസിലറുടെ കത്തിന്റെ

അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ അടങ്കൽ തുക അധികരിക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പണി നടത്തിക്കാൻ അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുകയും, 14.03.2019 ലെ 7(4) നമ്പർ തീരുമാനപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒറിജിനൽ എസ്റ്റിമേറ്റിലെ 8 ഇനങ്ങൾ ഒഴിവാക്കി നേരത്തെ നിശ്ചയിച്ചതിൽ നിന്നും വിഭിന്നമായി ഒരിനം പ്രവൃത്തി മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തിയുടെ സ്വഭാവം തന്നെ മാറിയ സ്ഥിതിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റിന് പകരം റീ-കാസ്ററ് എസ്റ്റിമേറ്റായിരുന്നു വേണ്ടിയിരുന്നത്. റീകാസ്റ്റ് എസ്റ്റിമേറ്റിന് പ്രവൃത്തിയുടെ ആദ്യഘട്ടം മുതലുള്ള നടപടിക്രമങ്ങൾ തന്നെ പാലിക്കണമെന്നാണ് വ്യവസ്ഥ. ഇത് ചൂണ്ടിക്കാണിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റിന് വെറ്റിംഗ് ഓഫീസർ അംഗീകാരം കൊടുത്തതും, ആയത് പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റിന്മേൽ പ്രവൃത്തി ചെയ്യിച്ചതും നടപടിക്രമങ്ങളുടെ ലംഘനമാണ്.

3) ഒറിജിനൽ എസ്റ്റിമേറ്റിൽ ഐക്കരപ്പറമ്പ് റോഡിൽ 50 മീറ്റർ നീളത്തിൽ ആകെ 12 എം3 ഐറിഷ് ഡ്രെയിനാണ് ഉൾപ്പെടുത്തിയതെങ്കിൽ 188 മീറ്റർ നീളത്തിൽ ആകെ 54.2 എം3 കോൺക്രീറ്റിംഗ് ആണ് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ചെയ്തിട്ടുള്ളത്. ഇ-ടെൻഡർ പ്രസിദ്ധം ചെയ്തതും, കരാറുകാരൻ വർക്ക് ഏറ്റെടുത്തതും, ആദ്യ എസ്റ്റിമേറ്റിനാണ്. പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ സ്വഭാവം പൂർണ്ണമായി മാറിയശേഷവും റീ-ടെൻഡർ ചെയ്യാതെ അതേ കരാറുകാരന് തന്നെ പ്രവൃത്തി ചെയ്യാൻ ഏല്പിച്ചത് നടപടി ക്രമങ്ങളുടെ ലംഘനവും, മരാമത്ത് പ്രവൃത്തികളുടെ സുതാര്യതയെ ഇല്ലാതാക്കുന്നതുമാണ്.

കൊളത്താപ്പിള്ളി റോഡ്, ഭഗത് സിംഗ് റോഡ് എന്നിവിടങ്ങളിലെ റീടാറിംഗ് പ്രവൃത്തികൾ പിന്നീട് പൂർത്തിയാക്കിയോയെന്നുള്ള വിവരവും, മേൽ അപാകതകൾക്ക് വിശദീകരണവും ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 അനുപൂരക പോഷകാഹാരം- ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടതാണ്

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാരവിതരണത്തിനായി പ്രൊജക്ട് നമ്പർ 158/20 പ്രകാരം 2326510/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് ലഭ്യമാക്കിയിട്ടുള്ളത് മൃദുല ഫുഡ് പ്രൊഡക്ട്സ്, ഈസ്റ്റ് കടാതി, മൂവാറ്റുപുഴ-ആണ്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. 02.05.2019 ൽ ലഭ്യമാക്കിയ സാംപിൾ ചെന്നൈയിലെ രാജാജി ഭവൻ, റീജ്യണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിൽ ടെസ്റ്റ് ചെയ്തതിന്റെ റിസൽട്ട് പദ്ധതിയുടെ ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. റിസൽട്ടിൽ "The Sample Submitted Conforms For Protein & Calorific Value" എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് (ഫുഡ് പ്രോഡക്ട്സ് സ്റ്റാൻഡേർഡ്സ് ആൻഡ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ് 2011 ലെ അദ്ധ്യായം 1, ഖണ്ഡിക 2.1.19 ഫുഡ്സ് ഫോർ ഇൻഫന്റ് ന്യൂട്രീഷ്യൻ ഇനം 4 ൽ Processed Cereal Based Complementary Food ന്റെ ഗുണനിലവാരം നിഷ്കർഷിച്ചിട്ടുണ്ട്. അത് പ്രകാരം Moisture, Percent By Weight (Not More Than) 4.0 ആണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ ലബോറട്ടറി അനാലിസിസ് റിപ്പോർട്ടിലെ കെമിക്കൽ അനാലിസിസിൽ Moisture 4.90% ആണ് ഉള്ളത്. അതായത് അനുവദനീയമായതിലും അധികം Moisture ഉള്ളതായാണ് സർട്ടിഫിക്കറ്റിൽ നിന്ന് വ്യക്തമാകുന്നത്. ഗുണനിലവാര പരിശോധനയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.04.2022 ൽ നൽകിയ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മൂവാറ്റുപുഴ ശിശുവികസന പദ്ധതി ഓഫീസിൽ നിന്നാണ് സാംപിളുകൾ ടെസ്റ്റിന് അയക്കുന്നതെന്നും അപാകത ഇതുവരെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും വിവരം മേലുദ്യോഗസ്ഥരെ അറിയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 6 മാസം മുതൽ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നൽകുന്ന ആഹാരമെന്ന നിലയ്ക്ക് ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തേണ്ടത് ഗൗരവമുള്ള വിഷയമായതിനാൽ ഇക്കാര്യത്തിൽ വീഴ്ചകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ

ഈടാക്കിയില്ല.

ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി/തീ.1.2.2012 നമ്പർ ഉത്തരവ് പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009 (6) പ്രകാരം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ (സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ) കരാറിൽ ഏർപ്പെടാത്ത കരാറുകാരിൽ നിന്നും കരാർ തുകയുടെ 1% (മിനിമം -1000/-, മാക്സിമം -25000/-) പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കരാർ ചമയ്ക്കാതിരുന്നിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി/ പിഴ കൂടാതെ കരാർ ചമയ്ക്കാവുന്ന അവസാന തീയതി | കരാർ ചമച്ച തീയതി | ഈടാക്കേണ്ട പിഴ (1% നിരക്കിൽ) |
|---|---|---|---|---|
| 1 | റോഡ് അറ്റകുറ്റപ്പണികൾ വാർഡ് -8 ഉദ്യോഗഭവൻ നെല്ലിമല റോഡ്(18/20) നാസർ.പി.എം പി.എ.സി -454733/- പ്രവൃത്തിമൂല്യം -509301/- ബിൽ നം. 254286/18.1.20 | 6.11.2019<br>20.11.2019 | 26.11.2019 | 4547 |
| 2 | ചാരിസ് ബ്രാഞ്ച് റോഡ് ഫോർമേഷൻ(223/20) നൗഷാദ്.എം.ഐ പി.എ.സി -160660/- പ്രവൃത്തിമൂല്യം -164975/- ബിൽ നം. 41645/7.2.20 | 6.11.2019<br>20.11.2019 | 22.11.2019 | 1607 |
| 3 | പയ്യന പാണ്ടൻ റോഡ് (209/20) നൗഷാദ്.എം.ഐ പി.എ.സി -213325/- പ്രവൃത്തിമൂല്യം -238924/- ബിൽ നം. 41617/13.3.20 | 6.11.2019<br>20.11.2019 | 25.11.19 | 2133 |
| 4 | പുളിഞ്ചോട് നിരപ്പ് റോഡ് വാർഡ് 1 (305/20) നാസർ.പി.എം പി.എ.സി -399754/- പ്രവൃത്തിമൂല്യം -447724/- ബിൽ നം. 41604/13.3.20 | 10.10.2019<br>24.10.2019 | 29.10.2019 | 3998 |
| 5 | മണിയംകുളം പി.എച്ച്.സി മെയിന്റനൻസ് (130/20) എം.എ.അജിമോൻ പി.എ.സി -224900/- പ്രവൃത്തിമൂല്യം -249839/- ബിൽ നം. 41566/13.3.20 | 10.10.2019<br>24.10.2019 | 30.10.2019 | 2249 |
| 6 | കൗൺസിൽ ഹാളിൽ സൗണ്ട് സിസ്റ്റം (47/18-19) ജെയിസൺ കര്യാക്കോസ് പി.എ.സി -498000/- | 21.6.2018<br>5.7.2018 | 26.7.2018 | 4980 |
| 7 | നഗരസഭ സ്റ്റേഡിയം ബിൽഡിംഗ് യാർഡ് കട്ട വിരിക്കൽ, ടോയിലറ്റ് അനുബന്ധ സൗകര്യങ്ങൾ (304/19-20) അലി.പി.എം പി.എ.സി -2086164/- പ്രവൃത്തിമൂല്യം -2225459/- ചെക്ക് നം. 306737/31.1.20 | 6.11.2019<br>20.11.2019 | 30.11.2019 | 20862 |
| | ആകെ | | | 40376 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും പിഴ ഇനത്തിൽ ഈടാക്കേണ്ട 40376/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/28.4.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-41 തൊഴിൽ രഹിത വേതനം-അപാകതകൾ

1. 2019-20 ലെ തൊഴിൽ രഹിത വേതനം ഒന്നാം ഗഡു വിതരണം ചെയ്യുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് ഓഫിസറുടെ 13-8-2019 ലെ ഉത്തരവ് നമ്പർ ഡിഇഇ/ഇകെഎം/826/2019/എസ്2 പ്രകാരം മൂവാറ്റുപുഴ

നഗരസഭയ്ക്ക് 122400/- അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ട്രഷറി ബിൽ പാസ്സാകുന്നതിനു മുമ്പ് തന്നെ എസ് ബി ഐ തനത് ഫണ്ടിൽ നിന്ന് 100800/ രൂപ പിൻവലിച്ച് 26-8-19, 27-8-19 തീയതികളിൽ 64 പേർക്ക് 60240/-വിതരണം ചെയ്തതായി കാണുന്നു. 100800/ രൂപയിൽ വിതരണം ചെയ്യാതിരുന്ന 40560/-രൂപ ഉൾപ്പെടെ 79920/- രൂപ തിരിച്ചടച്ചിട്ടുണ്ടെങ്കിലും ബാക്കിയുള്ള 28 പേർക്ക് വിതരണം ചെയ്ത 20880/- തിരിച്ചടച്ചില്ല. പിന്നീട് ബാങ്ക് അക്കൌണ്ട് വിവരങ്ങൾ ലഭ്യമാക്കിയ 69 പേരുടെ വേതനമായ 66000/-രൂപ 31-8-19ന് ട്രഷറി ബിൽ പ്രകാരം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് വിതരണം ചെയ്യുകയും തൊഴിൽ രഹിത വേതനം ബാങ്ക് അക്കൌണ്ട് വഴി മാത്രം വിതരണം ചെയ്യുന്നതിനുള്ള നിർദേശമുണ്ടായിരുന്നിട്ടും തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്ത് തിരിച്ചടക്കാതിരുന്ന 28 പേരുടെ 20880/- രൂപ അലോട്ട്മെന്റ് തുകയിൽ നിന്ന് ട്രഷറി ബിൽ പ്രകാരം മാറി തനത് ഫണ്ടിൽ അടച്ചതായും ആണ് ഫയലിൽ കാണുന്നത്. കൃത്യമായ ബിൽ വിവരങ്ങളും അലോട്ട്മെന്റ് ബാലൻസ് തുക 35520/- രൂപ തിരികെ അടച്ചതിന് ബിംസിൽ നിന്നുള്ള റിപ്പോർട്ടും 20880/- രൂപ തനത് ഫണ്ടിൽ തിരികെ ലഭ്യമായതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

2. അലോട്ട്മെന്റ് അനുവദിച്ചിട്ടുള്ള ജില്ലാ എംപ്ലോയ്മെന്റ് ഓഫിസറുടെ 13-8-2019 ഉത്തരവ് പ്രകാരം തൊട്ട് മുൻപ് വിതരണം ചെയ്ത ഗഡുക്കൾ കൈപറ്റാത്തവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കേണ്ടതാണ് .മേൽ നിർദേശം പാലിക്കാതെ 2/ 2018 മുതൽ 07/2019 വരെയുള്ള 8 മാസത്തെ തുക കൈമാറിയപ്പോൾ തൊട്ട് മുൻപ് വിതരണം ചെയ്ത ഗഡുക്കൾ കൈപറ്റാത്ത പലർക്കും തുക നൽകിയതായി കാണുന്നു.

3. നഗരസഭയിൽ 2018-19 വർഷത്തെ തൊഴിൽ രഹിത വേതനം രണ്ടാം ഗഡു 154 പേരിൽ 106 പേരും 2019-20 ഒന്നാം ഗഡു 129 പേരിൽ 97 പേരും കൈപറ്റിയിട്ടുള്ളതാണ്. കൂടാതെ 2019-20 വർഷം പുതിയ തൊഴിൽ രഹിതർക്ക് വേതനം നൽകുന്നതിന് അംഗീകാരം നൽകിയതായും കാണുന്നു. എന്നിരുന്നാലും 2019-20 രണ്ടാം ഗഡു മുതൽ നഗരസഭയിൽ തൊഴിൽ രഹിതർ ആരും ഇല്ല എന്ന കാരണത്താൽ അലോട്ട്മെന്റ് ആവശ്യമില്ല എന്നറിയിക്കുകയും 2019-20 രണ്ടാം ഗഡു മുതൽ നഗരസഭയിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടില്ലാത്തതുമാണ്. ചട്ടം 11 വേതനം കൈപറ്റുന്നയാൾക്ക് അർഹത നഷ്ടപ്പെട്ടാൽ വേതനം നിർത്തലാക്കി വിവരം എംപ്ളോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതാണ്. ഇത് പ്രകാരം തൊഴിൽ രഹിത വേതനം കൈപറ്റിവന്നിരുന്ന എല്ലാവർക്കും അർഹത നഷ്ടപ്പെട്ടതിനാൽ ഇവരുടെ വേതനം നിർത്തലാക്കിയതായി നഗരസഭ തീരുമാനിച്ചതായി കണ്ടുന്നില്ല. ആയതിനാൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ തൻവർഷം വിതരണം ചെയ്ത തൊഴിൽ രഹിത വേതനം അർഹതപ്പെട്ടവർക്ക് മാത്രമാണോ നൽകിയിട്ടുള്ളത് എന്നതിന് വ്യക്തത വരുത്തേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 28-4-22ലെ ഓഡിറ്റ് എൻക്വയറി നം 22 ന് മറുപടി നൽകിയില്ല. സർക്കാർ നിർദേശങ്ങൾ കൃത്യമായിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-42 ബിറ്റുമിൻ ഉപയോഗത്തിനനുസൃതമായി ഒഴിഞ്ഞ ബാരലിന്റെ വില ബില്ലിൽ കുറവു ചെയ്തിട്ടില്ല

2019-20 വർഷം നിർവ്വഹിക്കപ്പെട്ട ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ടാറിന് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. അതു പ്രകാരം ഒഴിഞ്ഞ ബാരലിന്റെ വിലയായി 281/-രൂപ വീതം (238+18% ജി.എസ്.ടി) ബില്ലിൽ കുറവു ചെയ്ത് വേണം കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ നഗരസഭാ എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളിലെ ഫൈനൽ ബില്ലിൽ നിന്നും ഇപ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ലാത്തതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദ വിവരം | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ഈടാക്കേണ്ട തുക | |
|---|---|---|---|---|
| | | | ബാരൽ വില | ജി.എസ്.ടി |
| 1 | റോഡ് അറ്റകുറ്റപ്പണികൾ വാർഡ് -8 ഉദ്യോഗഭവൻ നെല്ലിമല റോഡ് (18/20) നാസർ.പി.എം | 15 | 3570 | 645 |

| | | | | |
|---|---|---|---|---|
| | എം.ബുക്ക്-18/19 പ്രവൃതതിമൂല്യം -509301/-<br>ബിൽ നം. 254286/18.1.20 | | | |
| 2 | പുളിഞ്ചോട് നിരപ്പ് റോഡ് വാർഡ് 1 (305/20)<br>നാസർ.പി.എം എം.ബുക്ക്-305/19 പ്രവൃതതിമൂല്യം -447724/-<br>ബിൽ നം. 41604/13.3.20 | 24 | 5712 | 1032 |
| 3 | നീലനാൽ കാർമൽ റോഡ് (95/18-19) കെ.ഗോപി<br>എം.ബുക്ക്-95/18-19 പ്രവൃതതിമൂല്യം -464972/-<br>ബിൽ നം. 22/20.7.2019 | 20 | 4760 | 860 |
| 4 | മങ്ങാട്ട് പള്ളി റോഡ് , ചാലിക്കടവ് ബ്ലാമറ്റം കുന്നംപിള്ളി മല റോഡ് മെയിന്റനൻസ് (95/18-19) കെ.ഗോപി എം.ബുക്ക്-97/18-19 പ്രവൃതതിമൂല്യം -484177/-<br>ബിൽ നം. 21/20.7.2019 | 25 | 5950 | 1075 |
| 5 | 212/19-20, മുണ്ടപ്പുറം റോഡ്, ഉല്ലംകുഴി റോഡ്, മേക്കുന്നത്ത് റോഡ് മെയിന്റനൻസ് , വാർഡ് 20, കരാറുകാരൻ-പി.പി.അലി. ബിൽ നം 60/08.07.2019 | 22 | 5236 | 946 |
| 6 | 94/18-19, NSS പൗർണ്ണമി ലിങ്ക് റോഡ് റീ ടാറിംഗ്, കരാറുകാരൻ -എൻ.എ.സുബൈർ, ബിൽ നം. 131/31.10.2019 | 17 | 4046 | 731 |
| 7 | 305/18-19 വിവിധ റോഡുകളുടെ മെയിന്റനൻസ്, കരാറുകാരൻ-എം.ഐ.നൗഷാദ്, ബിൽ നം . 119/28.09.2019 | 16 | 3808 | 688 |
| | ആകെ | | 33082 | 5977 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനും, അധികം നല്കിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി (ബാരൽ വില തുക ചെലവഴിച്ച ഫണ്ടിൽ) വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/28.4.22)അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-43 അങ്കണവാടി അനുപൂരക പോഷകാഹാരം-ബാധകമല്ലാത്ത ജി എസ് ടി നൽകി

| | |
|---|---|
| പ്രോജക്റ്റ്നം, പേര് | 158/20<br>അങ്കണവാടി പോഷകാഹാര വിതരണം |
| അടങ്കൽ | 3520000/-(2100000- വികസനഫണ്ട്,<br>1420000/--കേന്ദ്രവിഹിതം) |
| ചെലവ് | 2326510/-<br>(2100000-വികസനഫണ്ട്,<br>226510- കേന്ദ്രവിഹിതം) |
| ബിൽ.നം, /<br>വൌച്ചർ നം/ചെക്ക് നം/<br>തീയതി, തുക | 1)1/19-20, 17.07.19- 340465/- (വികസനഫണ്ട്) |
| | 2)3/19-20, 17.08.19-205132/-(വികസനഫണ്ട്) |
| | 3) 6/19-20, 25.09.19-284787/-(വികസനഫണ്ട്) |
| | 4) 8/19-20, 23.11.19-289469/-(വികസനഫണ്ട്) |
| | 5) 10/19-20, 26.11.19-201224/-(വികസനഫണ്ട്) |

| | |
|---|---|
| | 6)16/19-20, 21.01.20-319166/-(വികസനഫണ്ട്) |
| | 7)17/19-20, 21.01.20-162037/-(വികസനഫണ്ട്) |
| | 8)21/19-20, 12.02.20-61508/-(വികസനഫണ്ട്) |
| | 9)24/19-20,17.03.20- 236212/-(വികസനഫണ്ട്) |
| | 415262/16.03.20- 21333/-<br>1791685/30.03.20- 632/-<br>1791684/30.03.20-1035/-<br>1791683/30.03.20-636/-<br>415263/16.03.20-72149/-<br>(കേന്ദ്രവിഹിതം വിവിധ ചെക്കുകളായി 226510/-രൂ.) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പദ്ധതിയുടെ ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് മൃദുല ഫുഡ് പ്രോഡക്ട്സ്, ഈസ്റ്റ് കടാതി, മൂവാറ്റുപുഴ ആണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണ യൂണിറ്റ് നൽകിയ ബില്ലുകളിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി കൂടി ചുമത്തിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സ് ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ജി.എസ്.ടി |
|---|---|---|---|
| 1 | 003/09.04.19 | 73572 | 3502 |
| 2 | 022/24.05.19 | 58212 | 2772 |
| 3 | 030/26.06.19 | 67914 | 3234 |
| 4 | 040/27.07.19 | 61298 | 2918 |
| 5 | 054/05.09.19 | 65342 | 3112 |
| 6 | 066/04.10.19 | 71883 | 3423 |
| 7 | 079/15.11.19 | 91066 | 4336 |
| 8 | 091/18.12.19 | 68796 | 3276 |
| 9 | 103/18.01.20 | 72544 | 3454 |
| | ആകെ | 630627 | 30027 |

അംഗൻവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം 30027/- രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അംഗൻവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ ജി.എസ്.ടി റീഫണ്ടായി വിതരണക്കാർക്ക് ലഭിക്കുന്നതിന് സാധ്യതയുണ്ട്. ജി.എസ്.ടി റീഫണ്ട് ലഭിക്കുന്നമുറക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 27.04.2022 ലെ 14ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അമൃതം ന്യൂട്രിമിക്സിന് ജി എസ് ടി ഒഴിവാക്കുന്നത് സംബന്ധിച്ച് വനിതാ ശിശുവികസന ഡയറക്ടറുടെ 18.08.2021 ലെ ഐ സി ഡി എസ് B3/13220/21 നമ്പർ കത്തിലെ നിർദ്ദേശപ്രകാരമാണ് ജി എസ് ടി ഉൾപ്പെടെയുള്ള തുക നൽകിയിട്ടുള്ളതെന്നും ന്യൂട്രിമിക്സ് വിതരണക്കാർക്ക് ജി എസ് ടി റീഫണ്ട് ലഭിക്കുന്ന പക്ഷം ആയത് തിരികെ ഈടാക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ജി എസ് ടി റീഫണ്ട് ലഭിക്കുന്ന പക്ഷം ഈയിനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-44 പി.എം.എ.വൈ ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം

മൂവാറ്റുപുഴ നഗരസഭയിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിവരുന്ന പി.എം.എ.വൈ ഭവന നിർമാണ പദ്ധതിയിൽ നാളിതുവരെ 5 ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ടുകളിലായി (ഡി.പി.ആർ) 352 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 319 പേർ കരാറിലേർപ്പെട്ട് ഭവനനിർമ്മാണം തുടങ്ങുകയും, 233 പേർ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.പി.ആർ. നമ്പർ & അംഗീകരിച്ച തീയതി. | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവനനിർമ്മാണം ആരംഭിച്ചവരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം |
|---|---|---|---|
| ഡി.പി.ആർ 1/16.03.2017 | 72 | 72 | 72 |
| ഡി.പി.ആർ 2/23.10.2017 | 40 | 40 | 39 |
| ഡി.പി.ആർ 3/29.01/2019 | 105 | 100 | 91 |
| ഡി.പി.ആർ 4/29.06.2020 | 65 | 57 | 31 |
| ഡി.പി.ആർ 5/12.08.2021 | 70 | 50 | 0 |
| ആകെ | 352 | 319 | 233 |

ഭവനനിർമാണവുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളും നഗരസഭ സെക്രട്ടറിയുമായുള്ള കരാർ പ്രകാരം കരാർ ചമച്ച് ഒരു വർഷത്തിനുള്ളിൽ വീട് പണി പൂർത്തിയാക്കേണ്ടതാണ്. 2017 ൽ അംഗീകാരം ലഭിച്ച ആദ്യ 3 ഡി.പി.ആർ പ്രകാരമുള്ള ഗുണഭോക്താക്കൾ പോലും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും തുടർ പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | തുക നൽകിയ തീയതി |
|---|---|---|---|
| 1 | സിസി. പി.എ, വാർഡ് 28 | 40,000 | 09.05.2019 |
| 2 | വന്ദന മഹാദേവ്, വാർഡ് 11 | 40,000 | 30.11.2020 |
| 3 | അജേഷ് .സി.എ, വാർഡ് 27 | 40,000 | 30.12.2020 |

കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമാണം കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-45 പെൻഷൻ ഫണ്ട്

### റെഗുലർ പെൻഷൻ

വിരമിച്ച മുനിസിപ്പൽ ജീവനക്കാരുടെ പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനത്തിൽ നൽകേണ്ട തുക 1996 ലെ കേരള മുനിസിപ്പാലിറ്റി Employees Death Cum Retirement Benefit ചട്ടങ്ങൾ, ചട്ടം 6 പ്രകാരം നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും, ഇതേ നിയമത്തിന്റെ ചട്ടം 10 പ്രകാരം രൂപീകരിച്ചിട്ടുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതും ഈ തുക തദ്ദേശ സ്ഥാപന സെക്രട്ടറി പ്രതിമാസ പെൻഷൻ വിതരണത്തിന് ഉപയോഗിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

1996 ലെ ചട്ടങ്ങളിലെ ചട്ടം 7 (2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതത് മാസത്തെ ശമ്പളബില്ലിനൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച് തൻമാസം 15ാം തീയതിക്ക് മുമ്പ് {ചട്ടം- 8(1)} സെൻട്രൽ ഫണ്ടിലേക്കടവാക്കേണ്ടതാണ്.

നഗരസഭയിൽ 50 റഗുലർ പെൻഷണർമാരാണ് 2019-20 ൽ ഉള്ളത്. പ്രതിമാസം 8,45,351/- രൂപയാണ് ഈയിനത്തിൽ വരുന്ന ചെലവ്. റെഗുലർ വിഭാഗത്തിന്റെ പെൻഷൻ നൽകുന്നതിന് കൃത്യമായി അലോട്ട്മെന്റ് ലഭിക്കാത്തതുമൂലം തനത് ഫണ്ടിൽ നിന്നുമാണ് നിലവിൽ പെൻഷൻ നൽകി വരുന്നത്. നഗരസഭ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം പെൻഷൻ നൽകിയ വകയിൽ 1,26,97,276/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശികയായി 2018-19 വരെ 33774594/- രൂപയും 2019-20 സാമ്പത്തിക വർഷം പെൻഷൻ പറ്റിയ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 17,92,246/- രൂപയും ഉൾപ്പെടെ 4,82,64,116/- രൂപ പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിക്കുവാനുണ്ട്.
നഗരസഭയുടെ പെൻഷൻ അലോട്ട്മെന്റിന്റെ തൽസ്ഥിതി താഴെ ചേർക്കുന്നു.

| | |
|---|---|
| 2021-22 വർഷം പെൻഷൻ ഇനത്തിൽ ചെലവായ തുക | 14575111 |
| അലോട്ട്മെന്റിനത്തിൽ കുടിശ്ശികയായി ലഭിക്കാനുള്ള തുക | 56502268 |
| പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സി പി എഫിലേക്ക് അടക്കുവാനുള്ള തുക (07/2021 മുതൽ 03/2022 വരെ) | 2348135 |
| അലോട്ട്മെന്റിനത്തിൽ 2021-22 വർഷം ലഭിച്ച തുക | 6264010 |
| അലോട്ട്മെന്റിനത്തിൽ ലഭിക്കാനവശേഷിക്കുന്ന തുക | 62465234 |

നാളിതുവരെ വിതരണം ചെയ്ത പെൻഷൻ തുകകൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കണ്ടിജന്റ് പെൻഷൻ

52 കണ്ടിജന്റ് ജീവനക്കാരാണ് നഗരസഭയിൽ നിന്ന് പെൻഷൻ വാങ്ങി വരുന്നത്. 03.05.1997 ലെ GO (P )96/97 / LSGD ഉത്തരവ് പ്രകാരം 1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിജന്റ് ജീവനക്കാരുടെ ഡെത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 7(1), 7(2) എന്നിവ പ്രകാരം എല്ലാ നഗരസഭകളും അതാത് ട്രഷറികളിൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്ന പേരിൽ TSB അക്കൗണ്ട് തുടങ്ങണമെന്നും ടി വിഭാഗം ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% തൊട്ടടുത്ത മാസം 10-ാം തീയതിക്ക് മുമ്പായി പെൻഷൻ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യണമെന്നും, ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി ആയത് ഉപയോഗിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.
നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്കുള്ള ട്രഷറി സേവിംഗ്സ് അക്കൗണ്ടായ TPA-90 2003 ന് ശേഷം നിഷ്ക്രിയമാണ് . തനതുഫണ്ടിൽ നിന്നാണ് നിലവിൽ പെൻഷൻ നൽകി വരുന്നത്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം പരാമർശിച്ചിരുന്നു. ഇതിനെത്തുടർന്ന് അക്കൗണ്ടിലെ ഇടപാടുകൾ പുനഃസ്ഥാപിക്കുന്നതിന് ശ്രമം നടത്തിയെങ്കിലും ആയതിന് കഴിയാത്തതിനാൽ പുതിയ അക്കൗണ്ട് തുടങ്ങുവാൻ ട്രഷറിയെ സമീപിച്ചെങ്കിലും നാളിതുവരെ സാധിച്ചിട്ടില്ല. ആവശ്യമെങ്കിൽ സർക്കാർ അനുമതി ലഭ്യമാക്കി അക്കൗണ്ട് ആരംഭിച്ച് ചട്ടങ്ങൾ പ്രകാരം പെൻഷൻ വിതരണം നടത്തേണ്ടതാണ്.

## 1-46 മരം വെട്ടിമാറ്റിയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ വീണ് കിടന്നതോ, അപകടകരമായി നിന്നിരുന്നതോ ആയ മരങ്ങൾ വെട്ടിമാറ്റുന്നതിന് താഴെചേർത്ത പ്രകാരം തുക ചെലവായിട്ടുണ്ട്.

| ക്രമ നം | വൌച്ചർ നം | തുക |
|---|---|---|
| 1 | 53/12-19 | 5750 |
| 2 | 33/1-20 | 2500 |
| 3 | 34/1-20 | 6500 |
| 4 | 35/1-20 | 6800 |
| 5 | 36/1-20 | 2500 |
| 6 | 32/1-20 | 8750 |
| | ആകെ | 32800 |

നഗരസഭയ്ക്ക് വരുമാനം ഉണ്ടാകുന്ന വിധം ഈ മരങ്ങൾ ലേലം ചെയ്ത് നൽകാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്നും മുറിച്ച് മാറ്റിയ മരങ്ങളുടെ വിൽപനയിലൂടെ നഗരസഭയ്ക്ക് വരുമാനം ഉണ്ടായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 28.4.22 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 25 ന് മറുപടി നൽകിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 32800/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-47 മരാമത്ത് പ്രവൃത്തികൾ - ഫയലുകൾ ഹാജരാക്കിയിട്ടില്ല.

നഗരസഭയിൽ 2019-20 സാമ്പത്തിക വർഷം നടപ്പാക്കിയിട്ടുള്ള / തുക ചെലവഴിച്ചിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ (ചെലവ് രേഖകൾ) ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ചെലവ് തുക |
|---|---|---|---|
| | | *അസി.എഞ്ചിനിയർ നിർവ്വഹിച്ച പ്രോജക്ടുകൾ* | |
| 1 | 2/20 | റോഡ് അറ്റകുറ്റപ്പണികൾ വാർഡ്- 2 തെക്കനാട്ടുകടി ലൈൻ, കടപ്പനക്കുന്നേൽ റോഡ് | 114230 |
| 2 | 6/20 | റോഡ് അറ്റകുറ്റപ്പണികൾ വാർഡ്- 6 സൗഹൃദ തൃക്ക ലിങ്ക് റോഡ്, സലഫി റോഡ് | 280481 |
| 3 | 189/20 | മുറിക്കൽ കോളനി ഓട നവീകരണം | 105460 |
| 4 | 240/20 | കുര്യൻമല കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം | 214842 |
| 5 | 241/20 | തൃക്ക അമ്പലം റോഡ് സംരക്ഷണ ഭിത്തി | 484399 |
| 6 | 242/20 | ലതാ ബസ് സ്റ്റാന്റ് മെയിന്റനൻസ് | 124846 |
| 7 | 248/20 | ഓഫീസ് മുൻവശം യാർഡ് നവീകരണം | 181133 |
| 8 | 249/20 | സ്ട്രീറ്റ് ലൈറ്റ് ട്യൂബ് സെറ്റ് വാങ്ങൽ | 105768 |
| 9 | 262/20 | എൻ എസ് എസ് പൗർണ്ണമി ലിങ്ക് റോഡ് റീടാറിംഗ് ഐറിഷ് ഡ്രയിൻ, കാര്യാലയം റോഡ് റീടാറിംഗ് | 403830 |
| 10 | 266/20 | കെ.ടി ജേക്കബ് നഗർ കാന മെയിന്റനൻസ്, ഗാന്ധിനഗർ ഐറിഷ് ഡ്രയിൻ | 446719 |
| 11 | 280/20 | ഐക്കരപ്പറമ്പ് കൊളത്തിപ്പീടിക റോഡ് , ഭഗത്സിംഗ് റോഡ് | 446817 |
| 12 | 336/20 | ലിഫ്റ്റ് ഇറിഗേഷൻ കനാൽ ബണ്ട് റോഡ് | 316634 |
| 13 | 375/20 | ഓലിപ്പാറ കുടിവെള്ള പദ്ധതി | 170000 |
| | | *മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹിച്ച പ്രോജക്ടുകൾ* | |
| 14 | | കൃഷ്ണാലെയിൻ റോഡ് പൂർത്തീകരണം | 450225 |
| 15 | | ഗാന്ധിനഗർ പുൽപറമ്പ് റോഡ് | 629269 |
| 16 | | കവിത റോഡ് | 499831 |
| | | ആകെ | 4974484 |

പ്രസ്തുത മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/28.4.22) നിർവ്വഹണ ഉദ്യോഗസ്ഥരായ മുനിസിപ്പൽ എഞ്ചിനിയർ/അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത 4974484/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-48 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

നഗരസഭയിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20വർഷത്തിൽ ഏറ്റെടുത്ത മരാമത്ത്

പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് (ടി ആർ 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് ഭൂരിഭാഗം ഫയലിലും തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(3) ടെണ്ടർ രജിസ്റ്ററിൽ ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(4) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യൂ.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6) റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന ബിറ്റുമിന്റെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. കരാറുകാർ വാങ്ങിയ ബിറ്റുമിന്റെ ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(7) തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന നികുതികളുടെ ഒടുക്കു വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/28.4.22)നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-49 നിക്ഷേപ രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല

നഗരസഭയിൽ എഞ്ചിനിയറിംഗ് വിഭാഗത്തിലും റവന്യൂ വിഭാഗത്തിലുമായി രണ്ട് നിക്ഷേപ രജിസ്റ്ററുകൾ സൂക്ഷിച്ച് വരുന്നുണ്ടെങ്കിലും നഗരസഭയ്ക്ക് ലഭ്യമാകുന്ന വിവിധ നിക്ഷേപങ്ങൾ കൃത്യമായി രേഖപ്പെടുത്തി പോരുന്നില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട നിക്ഷേപങ്ങൾ മാത്രം എഞ്ചിനിയറിംഗ് വിഭാഗത്തിലും വാടകയുമായി ബന്ധപ്പെട്ട നിക്ഷേപങ്ങൾ റവന്യൂ വിഭാഗത്തിലുമായാണ് രേഖപ്പെടുത്തി വരുന്നത്. വാർഷികധനകാര്യ പത്രികയിൽ Rent Deposit, Auction Deposit, Water Deposit, Electricity Deposit, Deposit Received From Others എന്നീയിനങ്ങളിലായി തുകകൾ ചേർത്തിട്ടുണ്ടെങ്കിലും ഇവയുടെ കൃത്യത പരിശോധിക്കാൻ നിലവിലെ രജിസ്റ്ററുകൾ പ്രകാരം സാധ്യമല്ല. രജിസ്റ്ററിന്റെ സൂക്ഷിപ്പിലെ അപാകത മൂലം വിവിധയിനങ്ങളിലെ നിക്ഷേപങ്ങൾ തിരികെ നൽകുമ്പോൾ നിക്ഷേപ രജിസ്റ്ററിൽ അവ വരവ് വച്ച ഭാഗത്ത് തിരികെ നൽകുന്നതായി രേഖപ്പെടുത്തുന്നില്ല. ഇങ്ങനെ ചെയ്യുമ്പോൾ ഒരിക്കൽ തിരികെ നൽകിയ നിക്ഷേപം വീണ്ടും നൽകാൻ സാദ്ധ്യതയുണ്ട്. ഈ പ്രവണത കർശനമായി ഒഴിവാക്കേണ്ടതും നിക്ഷേപം വരവ് വച്ച ഭാഗത്ത് തന്നെ തിരികെ നൽകിയ വൗച്ചർ നമ്പർ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മൂന്ന് വർഷത്തിന് ശേഷവും തിരികെ നൽകാത്ത നിക്ഷേപം തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ കൃത്യമായ രജിസ്റ്റർ സൂക്ഷിപ്പിന്റെ അഭാവത്തിൽ ഇത്തരത്തിൽ കാലഹരണപ്പെട്ട നിക്ഷേപം നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. നിക്ഷേപ രജിസ്റ്റർ എഴുതി കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നഗരസഭാസെക്രട്ടറിയുടെ ശമ്പളത്തിൽനിന്ന് വീട് വാടക കുറവ് ചെയ്തില്ല.

1.നഗരസഭാ സെക്രട്ടറിയ്ക്ക് നഗരസഭാപരിധിയിൽ താമസിക്കുന്നതിനായി വാഴപ്പിള്ളി സെന്റ് പോൾസ് റസിഡന്റ്സിലെ 103-ാം നമ്പർ സ്റ്റുഡിയോ ഫ്ളാറ്റ് 08.6.2018 മുതൽ നഗരസഭ വാടകയ്ക്ക് എടുത്തിരുന്നതും വാടകയിനത്തിൽ പ്രതിമാസം 8000/- രൂപ വീതം ആകെ 96,000/-രൂപ 2019-20 വർഷം നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളതുമാണ്. സൗജന്യമായി ലഭിക്കുന്ന ക്വാട്ടേഴ്സ് സൗകര്യം പ്രയോജനപ്പെടുത്തുന്ന ജീവനക്കാർ 35700-75600 ശമ്പള സ്കെയിലിനും അതിനു മുകളിലും വരുന്നവരാണെങ്കിൽ G.O.(P) 7/2016/Fin Dtd.20.1.16 ഖണ്ഡിക 14 പ്രകാരം അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ടി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം കുറവ് ചെയ്യേണ്ടതാണ്. കൂടാതെ വീട്ടുവാടക ബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നഗരസഭാ സെക്രട്ടറി, ശ്രീ.കൃഷ്ണരാജ് എൻ പിയ്ക്ക് സ്പാർക്ക് വഴി വിതരണം ചെയ്യുന്ന ശമ്പളത്തിൽ താഴെ ചേർത്ത കാലയളവിൽ വീട്ടു വാടക ബത്ത അനുവദിച്ചിട്ടുള്ളതായും നൽകിയ ശമ്പളത്തിന്റെ 2% നിരക്കിൽ വാടക ശമ്പളത്തിൽ നിന്നും ഈടാക്കിയതായും കാണുന്നില്ല. ഇതു മൂലം നഗരസഭാ ഫണ്ടിന് 9950/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈടാക്കേണ്ടിയിരുന്ന വാടക, വീട്ടുവാടക ബത്ത എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ശമ്പള നിരക്ക്-39500-83000

| മാസം | അടിസ്ഥാന ശമ്പളം | 2% നിരക്കിൽ കുറവു ചെയ്യേണ്ട വാടക | കുറവു ചെയ്യേണ്ട വീട്ടുവാടക ബത്ത |
|---|---|---|---|
| നവംബർ-2019 | 39500 | 790 | - |
| ഡിസംബർ-2019 | 39500 | 790 | 1500 |
| ജനുവരി-2020 | 39500 | 790 | 1500 |
| ഫെബ്രുവരി-2020 | 39500 | 790 | 1500 |
| മാർച്ച്-2020 | 39500 | 790 | 1500 |
| ആകെ തുക | | 3950- | 6000 |

ഈ തുക 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 538(2) പ്രകാരമുള്ള പിഴപലിശ സഹിതം ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. മേൽ പരാമർശിച്ച നഷ്ടതുകയായ 9950/-രൂപയും 2020-21 വർഷം ഈ ഇനത്തിൽ ഈടാക്കാനുള്ള വാടകയും വീട്ടുവാടക ബത്തയും കൂടി ഈടാക്കി നഗരസഭാഫണ്ടിൽ അടവാക്കേണ്ടതാണ്. സെക്രട്ടറി ജനവരി 2021-ൽ പിറവം നഗരസഭയിലേക്ക് സ്ഥലം മാറ്റം ലഭിച്ച് പോയതിനാൽ ടി നഗരസഭയെ ഇക്കാര്യം അറിയിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് 28.4.22 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24 ന് മറുപടി നൽകിയില്ല. അപാകതകൾ പരിഹരിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ - എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യാതെ കാരാറുകാരന് അധിക തുക നൽകി

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 193/19 |
| പ്രോജക്റ്റിന്റെ പേര് | : | റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാർ എടുത്ത ഏജൻസി | : | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |

| | |
|---|---|
| ചെലവ് വിവരം | : 999979/- |
| ബിൽ നം. | : 18/17.6.2019 |

നഗരസഭാ പ്രദേശത്തെ റോഡുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ച് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 10 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് (999979/- ജി.എസ്.ടി 18% ഉൾപ്പെടെ) ക്വാട്ട് ചെയ്ത സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചാണ് പ്രവൃത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി ക്യാമറകളുടെ ഭൗതിക പരിശോധനയിൽ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർണ്ണ അളവിൽ ചെയ്യാതെ തന്നെ കരാറുകാരന് അധിക തുക നൽകിയിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദ വിവരം താഴെ ചേർക്കുന്നു.

(I) എം.ബുക്ക് രേഖപ്പെടുത്തലിൽ നിന്നും 2 ക്യാമറകൾ കുറവ്

കച്ചേരിത്താഴം ജംഗഷ്ൻ, പോസ്റ്റ് ഓഫീസ് ജംഗ്ഷൻ, വെള്ളൂർകുന്നം ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പോളുകളിൽ 4 ക്യാമറകൾ വീതവും (WDR Camera – 3, ANPR Camera- 1) ലിസിനെക്സ് ജംഗ്ഷൻ, സ്റ്റേഡിയം ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പോളുകളിൽ 3 ക്യാമറകൾ (ANPR Camera) വീതവും 5 പോളുകളിലായി ആകെ 18 ക്യാമറകൾ (WDR Camera- 15, ANPR Camera- 3 ) സ്ഥാപിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയാണ് തുക കൈപ്പറ്റിയിട്ടുള്ളത്. എന്നാൽ 29.4.22 ൽ നടത്തിയ ഭൗതിക പരിശോധയിൽ എസ്റ്റിമേറ്റ്, അളവ് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽ നിന്നും വിഭിന്നമായ രീതിയിൽ ആകെ 16 ക്യാമറകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് കാണുവാൻ കഴിഞ്ഞു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥല വിവരം | സ്ഥാപിച്ച ക്യാമറകളുടെ എണ്ണം | |
|---|---|---|---|
| | | WDR Camera | ANPR Camera |
| 1 | കച്ചേരിത്താഴം ജംഗ്ഷൻ | 3 | 1 |
| 2 | വെള്ളൂർക്കുന്നം ജംഗ്ഷൻ | 3 | |
| 3 | പോസ്റ്റ് ഓഫീസ് ജംഗ്ഷൻ | 3 | |
| 4 | സ്റ്റേഡിയം ജംഗ്ഷൻ | 2 | 1 |
| 5 | ലിസിനെക്സ് | 2 | 1 |
| | ആകെ | 13 | 3 |

15 WDR ക്യാമറകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തി 16500 + 18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 13 WDR ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നിരിക്കെ 2 ക്യാമറകളുടെ തുകയായ 38940/- രൂപ സ്ഥാപനത്തിന് അധികമായി നൽകി.

(Ii) ബില്ലിൽ രേഖപ്പെടുത്തിയതിലും കുറഞ്ഞ കപ്പാസിറ്റിയുള്ള ബാറ്ററികൾ സ്ഥാപിച്ച് അധിക തുക കൈപ്പറ്റി

ക്യാമറകളുടെ പ്രവർത്തനത്തിനായി എസ്റ്റിമേറ്റ് പ്രകാരമുള്ള 100AH ബാറ്ററികൾ സപ്ലൈ ചെയ്തതായി രേഖപ്പെടുത്തിയാണ് തുക കൈപ്പറ്റിയിട്ടുള്ളത് (5 ബാറ്ററി യൂണിറ്റ്). എന്നാൽ ഓരോ പോളുകളിലും 60AH കപ്പാസിറ്റിയുള്ള ബാറ്ററികൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.

എം.ബുക്ക് പ്രകാരം രേഖപ്പെടുത്തിയ പ്രവൃത്തികൾ കൃത്യമായി ചെയ്തോ എന്നത് പരിശോധിച്ച് ബോദ്ധ്യപ്പെടാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക പൂർണ്ണമായും സ്ഥാപനത്തിന് നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ഗുരുതരമായ അനാസ്ഥയായി ഓഡിറ്റിൽ കണക്കാക്കുന്നു. ക്യാമറയുടെ വിലയായ 38940/- രൂപയും 2 ക്യാമറകളുടെ ഇൻസറ്റലേഷൻ ചാർജ്ജ് എന്നിവയും, ബാറ്ററിയുടെ വില ഇനത്തിൽ അധികമായി നൽകിയ തുകയും (വില വ്യത്യാസം 5 ബാറ്ററികൾക്ക് ) പലിശ സഹിതം

ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 2019-20 ലെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ നഗരസഭ സംയുക്തപ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്റ്റ് നം 192/20 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ | ഓൺലൈൻ പേയ്മെന്റ് 1)31/08/2019 2)31/01/2020 3)16/03/2020 | 1)69620 2)9820 3)30962 | 0 | 1)69620 2)9820 3)30962 |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റേയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ. ഭവന പദ്ധതി (ഹഡ്കോയിൽ നിന്നുമുള്ള ലോൺ) | GO(MS)68/19 Dt.18/05/2018 | 8920000 | 13480000 | 1160000 | - | 21240000 |
| സത്രം കോംപ്ലക്സ് | | 26476370 | | | | 26476370 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 10663302 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ ഉൾപ്പെടെ) | 18423655 |

| | |
|---|---|
| ആകെ | 29086957 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 11562937 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17524020 |

## 4-7 ഓഡിറ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-8 | 2215 | ഇബ്രാഹിം | 119010102807 തീയതി.18/07/2019 |
| | 3-4 | 2215 | ഇബ്രാഹിം | 119010102807 തീയതി.18/07/2019 |
| | 2-8 | 2218 | നാസ്സർ | 1190101102880 തീയതി.20.07.19 |
| | 3-4 | 2218 | നാസ്സർ | 1190101102880 തീയതി.20.07.19 |
| | 2-2,2-27 | 750+750 | മാനേജർ, മുത്തൂറ്റ് മിനി | 11901010６883,884 തീയതി.29.11.19 |
| | 2-2 | 720+720 | മാനേജർ, ഭാരത് പെട്രോളിയം | 119010110098, തീയതി.14.02.20 |
| | 1-5 | 720 | മാനേജർ, ഭാരത് പെട്രോളിയം | 119010110098, തീയതി.14.02.20 |
| | 2-2 | 1800 | പി കെ അലി പട്ടംകുടിയിൽ ഇൻഡസ്ട്രീസ് | 119010110807, തീയതി.20.02.20 |
| | 1-4 | 1800 | പി കെ അലി പട്ടംകുടിയിൽ ഇൻഡസ്ട്രീസ് | 119010110807, തീയതി.20.02.20 |
| | 2-2 | 780 | മാനേജർ ലേഡി റോസ് | 119010110829, തീയതി.20.02.20 |
| | 2-2,2-6 | 1560 | മാനേജർ ലേഡി റോസ് | 119010110829, തീയതി.20.02.20 |
| 2016-2017 | 2 | 1560 | മാനേജർ ലേഡി റോസ് | 119010110830, തീയതി.20.02.20 |
| 2018-2019 | 1-21 | 12168 | മരാമത്ത് കമ്മറ്റി | 119010113232, തീയതി.19.03.20 |
| | 1-21,2-3 | 8594 | മരാമത്ത് കമ്മറ്റി | 119010113233, തീയതി.19.03.20 |
| | 1-21(4) | 2649 | മരാമത്ത് കമ്മറ്റി | 119010113234, തീയതി.19.03.20 |
| | 1-21(1) | 4189 | മരാമത്ത് കമ്മറ്റി | 119010113235, തീയതി.19.03.20 |
| | 1-21 | 1527 | മരാമത്ത് കമ്മറ്റി | 119010113236, തീയതി.19.03.20 |

| | | | | |
|---|---|---|---|---|
| ആകെ | | 49153 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.30.2 | 2009-10 | 3.8.22(1) | ആധുനിക അറവുശാല നിർമാണം. നഗരസഭയുടെ അശ്രദ്ധമൂലം ലക്ഷങ്ങളുടെ പാഴ്ചെലവ്- 13 ലക്ഷം | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം അറവുശാല അറ്റകുറ്റ പ്പണി നടത്തി PCB നിർദ്ദേശാനുസരണമുള്ള മാലിന്യസംസ്കരണ സംവിധാനം ഏർപ്പെടുത്തി ഉപയോഗക്ഷമമാക്കണം. |
| 2006-07 | 3.14.1 | 2009-10 | 3.7.11(1) | വനിതാ വ്യവസായ വികസനം ഫോട്ടോസ്റ്റാറ്റ് മെഷിൻ സ്ഥാപിക്കൽ | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കണം. |
| 2006-07 | 2-2(7) | 2009-10 | 2-6-5 | കംഫർട്ട് സ്റ്റേഷൻ ലേലം നഷ്ടം 60000/- | LFAC 2016-19 22-ാമത് റിപ്പോർട്ട് പ്രകാരം പിഴപ്പലിശ ഈടാക്കണം. |

## 4-9 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് സർച്ചാർജ്ജ് നടപടികൾ നിലവിലില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 266975344 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 226586981 |
| വരവിനങ്ങളിലുള്ള നഷ്ടം | 6000 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38940 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5121686 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി) യിലേയും (സി) യിലേയും തുകയാണ്.)

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക | സർചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 6,000 | | ശ്രീ.കൃഷ്ണരാജ് എൻ പി സെക്രട്ടറി |
| 3-1 | | *38,940 | ശ്രീ.മൻസൂർ റ്റി.എ. അസിസ്റ്റന്റ്എഞ്ചിനീയർ |
| ആകെ | 6,000 | 38,940 | |

*അനുബന്ധ ചെലവുകളും പലിശയും

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2500 | ശ്രീ.കൃഷ്ണരാജ് എൻ പി, സെക്രട്ടറി |
| 1-24 | 110402 | ശ്രീ.മൻസൂർ റ്റി.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 1500 | ശ്രീമതി.രമാദേവി സി, കൃഷി ഓഫീസർ |
| 1-46 | 32800 | ശ്രീ.കൃഷ്ണരാജ് എൻ പി, സെക്രട്ടറി |

| | | |
|---|---|---|
| 1-47 | 3395159 | ശ്രീ.മൻസൂർ റ്റി.എ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-47 | 1579325 | ശ്രീ. കെ.പി.സോമൻ, മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 5121686 | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | സ്ഥാപനം |
|---|---|---|
| 1-36 | 8474 | ജി എസ് ടി വകുപ്പ് |
| 1-42 | 5977 | ജി എസ് ടി വകുപ്പ് |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും,ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കൃഷ്ണരാജ് എൻ പി സെക്രട്ടറി | സെക്രട്ടറി പിറവം മുൻസിപ്പാലിറ്റി | സറാസ് ഭവൻ<br>വെള്ളല്ലൂർ പി ഒ<br>കിളിമാനൂർ |
| ശ്രീ.മൻസൂർ റ്റി.എ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മൂവാറ്റുപുഴ നഗരസഭ | തുകലിൽ, മുടിക്കൽ പി,ഒ<br>പെരുമ്പാവൂർ |
| ശ്രീമതി.രമാദേവി സി കൃഷി ഓഫീസർ | വിരമിച്ചു. | അരവിന്ദം, ബാലരാമപുരം പി.ഒ<br>തിരുവനന്തപുരം |
| ശ്രീ. സോമൻ കെ.പി. മുനി. എഞ്ചിനീയർ | വിരമിച്ചു | സോമൻ കെ.പി.<br>കാരഞ്ചേരി ഹൗസ്<br>ഇരിങ്ങോൾ പി.ഒ.<br>പെരുമ്പാവൂർ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
|---|---|
| 1996-97 | LFE(EKM)M1 519/88/15-06-00 |
| 1997-98 | LFE(EKM)M1 128/93/22-12-93 |
| 1998-99 | LFE(EKM)M1 129/01/12-12-01 |
| 1999-00, 2000-01 | LFE(EKM)M2 1943/09/13-11-07 |
| 1999-00, 2000-01 | LFE(EKM)M2 43/05/19-04-88 |
| 1997-98 | LFE(EKM)M2 1555/88/3-11-12 |
| 1998-99 | LFE(EKM)M2 43/05/19-04-88 |
| 1999-00 | LFE(EKM)M2 1555/88/3-11-12 |
| 2000-01 | LFE(EKM)M2 775/05/29-12-05 |
| 2001-02 | LFE(EKM)M1 1158/07/21-11-07 |
| 2002-03 | LFE(EKM)M1 441/08/11-05-09 |
| 2003-04 | LFE(EKM)M1 383/12/30-03-12 |
| 2004-05 | LFE(EKM)M2 43/13/07-01-13 |
| 2005-06 | LFE(EKM)M2 43/13/07-01-13 |
| 2006-07 | LFE(EKM)M1 441/08/11-05-09 |
| 2007-08 | LFE(EKM)M1 139/10/17-10-11 |
| 2008-09 | LFE(EKM)M1 519/88/15-06-00 |
| 2009-10 | LFE(EKM)M1 314/11/10-02-12 |

| | |
|---|---|
| 2010-11, 2011-12 | LFE(EKM)M2 14/14/29-01-15 |
| 2012-13 | LFE(EKM)M2 972/15/16-11-15 |
| 2013-14, 14-15 | KSA(EKM)M2 1116/2016/13-07-16 |
| 2015-16 | KSA(EKM)M1 101/2017/08-02-17 |
| 2016-17 | KSA(EKM)M2- 2163/2017 /30-11-17 |
| 2017-18 | KSA(EKM)M2- 299/2019 /27-3-19 |
| 2017-18 | KSA(EKM)M2- 1851/2019 /14-1-20 |
| 2018-19 | KSA(EKM)M2-1857/2019 / 14.01.20 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്